# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 | No.10 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 OCTOBER

e-paper : vedabhimani




## പറക്കും ബൈക്ക്

കുതിച്ചു പായാൻ റോഡുകൾ തികയാത്ത ചെറുപ്പക്കാർക്കു സന്തോഷ വാർത്ത. 2.3 കോടി രൂപയുണ്ടെങ്കിൽ ആകാശത്തിലൂടെ ഇനി കുതിച്ചുപായാം. യുവാക്കൾക്കായി പാൽ-5 ആണു “ജൈറോകോപ്റ്റർ” പുറത്തിറക്കിയത്. റോഡിലൂടെ മണിക്കൂറിൽ 180 കിലോമീറ്റർ വേഗത്തിൽ പായാൻ കഴിയുന്ന ജൈറോകോപ്ടറിനു 4,000 അടി ഉയരത്തിൽ വരെ പറന്നെത്താൻ കഴിയും.

ഭൂമിയിൽനിന്നു പറന്നുയരാൻ 10 മിനിറ്റ് ഇപ്പോൾ വേണ്ടിവരും. എന്നാൽ ഏറെ വൈകാതെ ഈ താമസം പരിഹരിക്കാൻ കഴിയുമെന്നു കമ്പനി ഉറപ്പുനൽകുന്നു.

കരയിലൂടെ ഓടുമ്പോൾ മൂന്നു ചക്രങ്ങളാണു ജൈറോകോപ്റ്ററിനുള്ളത്. പറന്നുയരാൻ 540 മീറ്റർ നീളമുള്ള റൺവേയാണ് ഇപ്പോൾ വേണ്ടത്. 680 കിലോഗ്രാമാണു ജൈറോകോപ്റ്ററിന്റെ ഭാരം. ജൈറോകോപ്റ്റർ പറത്താൻ സ്പോർട്സ് പൈലറ്റ് സർട്ടിഫിക്കേറ്റ് വേണമെന്നാണു വിവിധ രാജ്യങ്ങളുടെ നിലപാട്.




## അസുഖം മാറ്റാൻ അരിപ്പ




രോഗം വന്നാൽ മരുന്ന് കഴിക്കാതെ പറ്റില്ലെന്ന് നമുക്കറിയാം. അല്ലെങ്കിൽ രോഗാണുക്കൾ പെരുകുകയും നമ്മുടെ കാര്യം കുഴപ്പത്തിലാവുകയും ചെയ്യും.

എന്നാൽ, മരുന്ന് കഴിക്കാതെ തന്നെ രോഗം മാറ്റുന്ന വിദ്യ കണ്ടുപിടിച്ചിരിക്കുകയാണ് അമേരിക്കയിലെ ഒരു സംഘം ശാസ്ത്രജ്ഞർ. രക്തം അരിച്ച് രോഗാണുക്കളെ നീക്കം ചെയ്യുക! പേനപോലിരിക്കുന്ന ഒരു കൊച്ചുയന്ത്രത്തിന്റെ സഹായത്തോടെയാണ് ഈ പരിപാടി. ഹെമോപ്യൂരിഫയർ എന്നാണിതിന്റെ പേര്. കൈത്തണ്ടയിൽ പിടിപ്പിക്കാവുന്ന ഈ ‘അരിപ്പ’ യെ നമ്മുടെ രക്തക്കുഴലുമായി ബന്ധിപ്പിക്കും. ഇതിലൂടെ കടന്നുപോകുന്ന രക്തത്തിലെ രോഗാണുക്കളെല്ലാം അരിപ്പയിൽ കുടുങ്ങും. അങ്ങനെ ശുദ്ധമായ രക്തം മറ്റൊരു രക്തക്കുഴലിലൂടെ ശരീരത്തിലേക്കു തന്നെ മടങ്ങുകയും ചെയ്യും.

എബോള പോലെയുള്ള ഭീകരന്മാർ വരെ ഹെമോ പ്യൂരിഫയറിൽ കുടുങ്ങുമെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. മൃഗങ്ങളിൽ വിജയകരമായി പരീക്ഷിച്ച ഈ അരിപ്പസൂത്രം ഇപ്പോൾ മനുഷ്യരിൽ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

## ഈഫൽ ഗോപുരത്തേക്കാൾ ഉയരം കൂടിയ റെയിൽവേ പാലം




ഹിമാലയ പർവത മേഖലയിൽ ലോകത്തിലെ ഏറ്റവും ഉയരംകൂടിയ റെയിൽവേ പാലം പണിയുന്നു. ലോകവിസ്മയമായ ഈഫൽ ഗോപുരത്തേക്കാൾ 35 മീറ്റർ ഉയരം കൂടിയ ആർച്ച് പാലം 2016ൽ പൂർത്തിയായേക്കും.

ചെനാബ് നദിക്കു കുറുകെ 550 കോടിയോളം രൂപ മുടക്കി കൊങ്കൺ റെയിൽ കോർപറേഷനാണ് പാലത്തിന്റെ പണിയാരംഭിച്ചിരിക്കുന്നത്. 25000 ടൺ കമ്പി വേണ്ടിവരുന്ന പാലത്തിന്റെ ഉയരം 359 മീറ്റർ (1177 അടി).

നിലവിൽ ഏറ്റവും ഉയരം കൂടിയ പാലം ചൈനയിലെ ബെയിപാൻജിയാംഗ് നദിക്കു കുറുകെയുള്ളതാണ്. ഇതിന്റെ ഉയരം 275 മീറ്റർ മാത്രമാണ്.

പണിതീരുന്നതോടെ ബാരാമുള്ളയിൽനിന്നു ജമ്മുവിലെത്താൻ ആറരമണിക്കൂർ മതിയാകും. നിലവിൽ യാത്രയ്ക്ക് ഇതിന്റെ ഇരട്ടി സമയം വേണം. കേബിൾ ക്രെയിനുപയോഗിച്ചാണ് 1315 മീറ്റർ നീളമുള്ള പാലത്തിന്റെ ആർച്ചുകൾ സ്ഥാപിക്കുന്നത്. ഹെലികോപ്ടറിൽ വരെ നിർമാണ സാമഗ്രികളെത്തിക്കുന്നു.

2002ൽ നിർമാണം ആരംഭിച്ചെങ്കിലും പല വെല്ലുവിളികൾ മൂലം രണ്ടുവർഷം മുമ്പാണു റെയിൽവേ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ തീരുമാനിച്ചത്.

## മാര്യേജ് അറ്റ് ഫസ്റ്റ് സൈറ്റ്..!

ഇന്നു നടക്കുന്ന വിവാഹങ്ങളിൽ നല്ലൊരു ശതമാനവും മാസങ്ങൾ നീണ്ട തയാറെടുപ്പുകൾക്കു ശേഷമായിരിക്കും. വിവാഹം നടക്കാൻ ചുരുങ്ങിയത് ഒരു മാസമെങ്കിലും വേണ്ടി വരും. ഇതിനോടകം തന്നെ വിവാഹിതരാകുന്നവർ നല്ല അടുപ്പത്തിലെത്തിയിരിക്കുകയും ചെയ്യും. വിവാഹവേദിയിലെത്തുമ്പോൾ ഇവർ തമ്മിൽ ഒരു അപരിചിതത്വവും ഉണ്ടായിരിക്കില്ല. എന്നാൽ ലണ്ടനിലെ ഒരു ചാനൽ സംഘടിപ്പിച്ച റിയാലിറ്റി ഷോ ഇന്നത്തെ വിവാഹ സങ്കൽപ്പങ്ങളെ പാടെ അട്ടിമറിക്കുന്നതാണ്. തികച്ചും അപരിചിതരായ രണ്ടുപേർ ആദ്യമായി കണ്ടയുടൻ വിവാഹം കഴിക്കുമ്പോൾ എന്തായിരിക്കും സംഭവിക്കുക? എഫ് വൈ ഐ നെറ്റ്‌വർക്കാണ് രസകരമായ റിയാലിറ്റി ഷോ സംഘടിപ്പിച്ചത്. ആറു ദിവസം നീണ്ടു നിന്ന റിയാലിറ്റി ഷോയിൽ ആറുജോടികൾ വിവാഹിതരായി. ഹാർലേം സ്വദേശിയായ ജാമീ ഓടിസിനു വരനായി എത്തിയത് 31 കാരനായ ഡൗ ഹെഗ്നറാണ്. നഴ്സായി ജോലി ചെയ്യുന്ന ഓടിസ് കടുത്ത ആശങ്കയിലാണ് വിവാഹവേദിയിലേക്കു കടന്നുവന്നത്.












തികച്ചും വിചിത്രമായ അനുഭവമായിട്ടാണ് തന്റെ വിവാഹത്തെ അവർ കാണുന്നത്. അപരിചിതനായ ആളെ വിവാഹം കഴിക്കാൻ തീരുമാനം എടുത്തനിമിഷം തന്റെ ജീവിതത്തിലെ ഏറ്റവും മോശപ്പെട്ട നിമിഷമാണെന്നു തുറന്നു പറയാനും ഓടിസ് മടിച്ചില്ല. അൾത്താരയിൽ വെച്ചു വരനെ ആദ്യമായി കണ്ടപ്പോൾ താൻ ഞെട്ടിപ്പോയെന്നും അവർ പറഞ്ഞു. അതേ സമയം, ശാസ്ത്രീയമായ പഠനത്തിനു ശേഷമാണ് ജോടികളെ തിരഞ്ഞെടുത്തതെന്നാണ് റിയാലിറ്റി ഷോയുടെ സംഘാടകർ പറയുന്നത്. വിദഗ്ധർ അടങ്ങിയ പാനലാണ് ജോടികളെ തിരഞ്ഞെടുത്തതെന്നും ചാനൽ വ്യക്തമാക്കി. റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്നതിനു ലഭിച്ച അപേക്ഷകൾ സെക്സോളജിസ്റ്റ്, സൈക്കോളജിസ്റ്റ്, സ്പിരിച്വലിസ്റ്റ്, സോഷ്യോളജിസ്റ്റ് എന്നിവരടങ്ങിയ പാനലാണ് വിലയിരുത്തിയത്.

നൂറുകണക്കിനു അപേക്ഷകൾ ലഭിച്ചതായി ചാനൽ വെളിപ്പെടുത്തി. ജോടികളെ കണ്ടെത്താൻ എത്ര വലിയ പഠനം നടത്തിയാലും കാര്യമില്ലന്നാണ് ജാമീഓടിസിന്റെ തുറന്നു പറച്ചിലിൽ നിന്നു വ്യക്തമാകുന്നത്.

## ബവോബാബ്

തീർച്ചയായും വിശ്വസിക്കാം. ഒരു ലക്ഷമല്ല, ഒന്നേകാൽ ലക്ഷത്തിലധികം ലിറ്റർ വെള്ളം സ്വന്തം തടിക്കുള്ളിൽ സൂക്ഷിക്കുന്ന വമ്പൻ മരങ്ങളുണ്ട്. ബവോബാബ് എന്നാണ് ഈ ടാങ്ക് മരങ്ങളുടെ പേര്. മഡഗാസ്കർ ദ്വീപുകളിലാണ് പ്രധാനമായും ഇവ കാണപ്പെടുന്നത്. ഈ മരത്തിൽ മിക്കപ്പോഴും ഇലകൾ കാണില്ല. ചില്ലകൾ



കണ്ടാൽ വേരുകൾപോലെ തോന്നുകയും ചെയ്യും. മരം നേരിട്ടു കണ്ടാൽ കഥ കാര്യമാണെന്ന് മനസിലാകും.

## മിസു



ജപ്പാനിലെ ഒരു കേക്ക് കണ്ടോ? വെള്ളത്തുള്ളിപോലുള്ള ഇതിന്റെ പേരാണ് മിസു! ആൽപ്സ് പർവ്വതനിരകളിലുള്ള ശുദ്ധജലവും ജലാറ്റിനും ഉപയോഗിച്ചാണ് മിസുകേക്ക് ഉണ്ടാക്കിയത്. വായിലിട്ടാൽ ഉടനെ മിസു കേക്ക് അലിഞ്ഞു പോകും.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs. 150 \| മറ്റ് രാജ്യങ്ങൾ – Rs. 2000 | വേദാഭിമാനി, കേരള 690516 |

# ഉത്തമമായ ഉപദേശം



ഏകാന്തത ഭയാനകമാണ്. ജീവിതത്തിൽ ഒറ്റയ്ക്ക് നടക്കാൻ അധികം ആരും ഇഷ്ടപ്പെട്ടുന്നില്ല. ജീവിത സാഹചര്യങ്ങളെ ഒറ്റയ്ക്ക് നേരിടാൻ പലർക്കും ഭയമാണ്. നമ്മുടെ മനോവീര്യവും ആത്മാഭിമാനവും വർദ്ധിപ്പിക്കുന്ന ആശയങ്ങളോട് യോജിക്കുന്ന, സമാനരീതിയിൽ കാര്യങ്ങളെ നോക്കിക്കാണുന്ന ആരെങ്കിലുമൊരാൾ എല്ലായ്പ്പോഴും നമുക്ക് അടുത്തുണ്ടാവണം. എന്നെക്കുറിച്ച് ഉത്കണ്ഠയുള്ള, എന്റെ സുസ്ഥിതിയിൽ താൽപര്യമുള്ളയാൾ ഒപ്പമുള്ളത് എത്ര വലിയ ആശ്വാസമാണ്. ആരാണ് എന്റെ യഥാർത്ഥ സുഹൃത്ത്? ഞാൻ പറയുന്ന എല്ലാ കാര്യങ്ങളോടും യോജിക്കുന്ന ആൾ? അതോ, ഞാനൊരു നല്ല വ്യക്തിയാണെന്നും കാര്യങ്ങളെല്ലാം വളരെ ഭംഗിയായി ചെയ്യുന്നുവെന്നും പറയുന്ന ആൾ? ഞാനാഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളെയും അനുകൂലിക്കുന്നയാളാണോ അത്? ഒറ്റക്കാഴ്ചയിൽ ഇത്തരമാൾക്കാർ നമുക്കൊപ്പമുണ്ടെന്ന് തോന്നിയേക്കാം. പക്ഷെ, വാസ്തവത്തിൽ അവരുടെതന്നെ നേട്ടത്തിന് വേണ്ടിയോ അല്ലെങ്കിൽ ഒരു തർക്കം ഒഴിവാക്കാനോ ആണ് അവർ നമ്മെ അനുകൂലിക്കുന്നത്.



തൽക്കാലത്തേക്ക് നമ്മുടെ വികാരങ്ങളെ മുറിപ്പെടുത്തിയേക്കാമെങ്കിലും സത്യം തുറന്ന് പറയുന്നവരാണ് യഥാർത്ഥത്തിൽ നമ്മുടെ പക്ഷത്തുള്ളത്. അവർ നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാട്ടുന്നവരും പ്രശ്നങ്ങളിൽ സഹകരിക്കുന്ന വരുമായിരിക്കും. ഏറ്റവും നല്ലത് മാത്രം നിങ്ങൾക്ക് വരണമെന്ന് ആഗ്രഹിക്കുന്നവരുമാണവർ. മറ്റുള്ളവർക്ക് സത്യം ഉപദേശിക്കേണ്ടതിന്റെയും തെറ്റ് മനസ്സിലാക്കി കൊടുക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് വി. പൗലോസ് പറയുന്നുണ്ട്. 'ഉപദേശിക്കുക' എന്നു പറയുമ്പോൾ വളരെ മൃദുവായി ഓർമ്മിപ്പിക്കുക എന്നല്ല, ശക്തമായി താക്കീത് ചെയ്യുക എന്നാണർത്ഥം. വിശുദ്ധ പൗലൊസ് പറയുന്നു: "ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പമുള്ളതിൽ ആവേശം കൊള്ളുകയാൽ, അവർ തങ്ങളുടെ അഭിരുചിക്ക് ചേർന്ന പ്രബോധകരെ വിളിച്ചു കൂട്ടും" (2 തിമൊ. 4:1–4). സത്യമല്ലെങ്കിൽ പോലും തങ്ങൾക്ക് പ്രീതികരമായത് കേൾക്കാനാവും അവർ ഇഷ്ടപ്പെടുക. തീത്തോസിനുള്ള ലേഖനത്തിൽ സഹോദരനെ ധർമപാതയിൽ നയിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം കൂടുതൽ സംസാരിക്കുന്നു. എബ്രായർക്കുള്ള ലേഖനത്തിൽ വിശ്വാസികൾ പരസ്പരം ഉപദേശിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. "ഇന്ന് എന്ന് വിളിക്കപ്പെടുന്ന ദിവസങ്ങൾ ഉള്ള കാലത്തോളം എല്ലാ ദിവസവും നിങ്ങൾ പരസ്പരം ഉപദേശിക്കുവിൻ. ഇത് നിങ്ങൾ പാപത്തിന്റെ വഞ്ചനയാൽ കഠിനഹൃദയരാകാതിരിക്കുവാനാണ്" (എബ്രാ. 3:13). ഒരു സഹോദരൻ പാപാവസ്ഥയിലാണെന്ന് കണ്ടാൽ നിഷ്ക്രിയനായി നോക്കിയിരിക്കുന്ന ആളായിരുന്നില്ല വി. പൗലൊസ്.

ശരിയായ ഉപദേശത്തിന് നമ്മെ പാപത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിയും. നല്ല വാക്കും വചനവും ശ്രദ്ധിക്കുന്നത് നമ്മെ ധർമ്മിഷ്ഠരാക്കി നിലനിർത്തും. ആരിൽ നിന്നെങ്കിലും വചനപ്രകാരം താക്കീത് ലഭിക്കുമ്പോൾ അവർ നമുക്കെതിരായതിനാലല്ല, മറിച്ച് നമ്മുടെ ആത്മീയ വളർച്ചയിൽ അവർക്ക് ശരിയായ ഉത്കണ്ഠ ഉള്ളതിനാലാണ് എന്ന് നാം മനസ്സിലാക്കണം. നമ്മുടെ സന്തോഷം നശിപ്പിക്കലല്ല അവരുടെ ഉദ്ദേശ്യം. നമ്മോടുള്ള സ്നേഹത്താൽ നമ്മളിൽ നിന്ന് ഏറ്റവും നല്ല ഫലങ്ങൾ അവർ പ്രതീക്ഷിക്കുന്നു. അപ്പോൾ ചില തിരുത്തലുകൾ ആവശ്യമായി വരും. നാം ആത്മീയ പ്രതിസന്ധിയിലാണെന്ന് കാണുമ്പോൾ അവർ നമുക്ക് മുന്നറിയിപ്പ് നൽകും. ദൈവഹിതമനുസരിച്ച് നിങ്ങളെ സ്നേഹിക്കുന്ന ആളാണ് യഥാർത്ഥത്തിൽ നിങ്ങളുടെ പക്ഷത്തുള്ളത്. തർക്കമൊഴിവാക്കാൻ മാത്രമായി നമ്മെ അനുകൂലിക്കുന്നവരെയും യഥാർത്ഥ ആത്മാവിനാൽ നിറഞ്ഞ് നമ്മെ സ്നേഹിക്കുന്നവരെയും വേർതിരിച്ചറിയാൻ കഴിയണം. ദൈവവചനത്തിന് പ്രാധാന്യം നൽകി ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ ഹിതമനുസരിക്കുകയും ചെയ്യുന്നെങ്കിൽ ജീവിതപ്രതിസന്ധിയിൽ ആരും നമ്മുടെ പക്ഷത്തില്ലെന്നുവന്നാലും; എല്ലാവരും കൈവിട്ടാലും ദൈവം നമ്മുടെ പക്ഷത്തുണ്ടാകും.

# യേശു ആഗ്രഹിക്കുന്നത്



യേശുക്രിസ്തുവിന്റെ താഴ്മ ഏറ്റവും കൂടുതൽ പ്രകടമാകുന്നത് അവിടുന്നു ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിലോ കാൽവറിയിൽ മരിച്ചതിലോ അല്ല, അവിടുന്നു ജഡാവതാരം എടുത്തതിലാണ്. 'അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി' എന്നാണ് ആ കാര്യത്തെ പൗലോസ് വിശദീകരിക്കുന്നത് (ഫിലി. 2:6–8).

ഇവിടെ സംഭവിച്ചതു നമുക്കു സങ്കല്പിക്കാൻ കഴിയുന്നതിനും അപ്പുറമുള്ള കാര്യമാണ് – ദൈവം മനുഷ്യനായിത്തീർന്നു! പരിമിതികളില്ലാത്ത ദൈവം പരിമിതികളുള്ള മനുഷ്യനായി മാറി. ഒരു കുറവും ഇല്ലാത്ത ദൈവത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അവിടുത്തേക്ക് ആരെയും ആശ്രയിക്കേണ്ട എന്നതാണ്. എന്നാൽ അവിടുന്നു മനുഷ്യനായി ഭൂമിയിൽ വന്നപ്പോഴോ? യേശു എപ്പോഴും ഏതിനും പിതാവിനെ ആശ്രയിക്കുന്നതാണു നാം കാണുന്നത്. പിതാവിനെ ആശ്രയിക്കാതെ ഒരു വാക്കോ പ്രവൃത്തിയോ തനിക്കുണ്ടായിരുന്നില്ല. ഭൂമിയിലെ ജീവിതം സംബന്ധിച്ച തന്റെ നയം യേശു ഇങ്ങനെയാണു വ്യക്തമാക്കുന്നത്: പിതാവു ചെയ്തു കാണുന്നത് അല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല (യോഹ.5:19). ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല. എന്നെ അയച്ച പിതാവു തന്നെ ഞാൻ ഇന്നതു പറയണം എന്നും ഇന്നതു സംസാരിക്കണം എന്നും കല്പന തന്നിരിക്കുന്നു (12:49). നോക്കുക: തനിക്ക് ഒരു കുറവും (ദാരിദ്ര്യവും) ഇല്ലാത്തതു മൂലം ആരേയും 'ആശ്രയിക്കേണ്ട' ആവശ്യമില്ലാത്ത ദൈവം എന്തിനും ഏതിനും ആശ്രയിക്കേണ്ട ദരിദ്രാവസ്ഥ സ്വയം വരിച്ചതാണ് ജഡാവതാരത്തിൽ സംഭവിച്ചത്. "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്നു" (2 കൊരി. 8:9). ഉവ്വ്, യേശുക്രിസ്തു തന്നെത്താൻ ഒഴിച്ച് മനുഷ്യനായി താഴേക്കു വന്നതായിരുന്നു താഴ്മയുടെ ഏറ്റവും വലിയ ചുവടുവയ്പ്. ക്രൂശിലെ മരണത്തോളം താഴ്ത്തിയതുൾപ്പെടെയുള്ള മറ്റു കാര്യങ്ങൾ അതിന്റെ തുടർച്ചയായാണു സംഭവിച്ചത്.

പിതാവിനോടുള്ള ആശ്രയത്വം എപ്പോഴും ആവശ്യമായി വരുന്ന ഈ 'ദാരിദ്ര്യം' സ്വയം വരിച്ച യേശു ഈ താഴ്മയുടെ വഴിയാണു പർവ്വതപ്രസംഗത്തിൽ ശിഷ്യന്മാർക്ക് ഒന്നാമതായി ഉപദേശിച്ചത്. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, ദൈവരാജ്യം അവർക്കുള്ളത്' (മത്തായി 5:3). സ്വയം അനുഭവവേദ്യമാക്കാത്ത കാര്യങ്ങൾ ഒന്നും യേശു മറ്റുള്ളവരോട് ഉപദേശിച്ചിട്ടില്ലല്ലോ (അ.പ്ര. 1:1).

ഒന്നാമതു നാം ആത്മാവിൽ ദരിദ്രരായിരിക്കേണം എന്നു യേശു പറഞ്ഞത് എന്തുകൊണ്ടാണ്? എല്ലാ ആത്മീയ നന്മകളുടേയും അടിസ്ഥാനം താഴ്മയാണെന്നുള്ളതുകൊണ്ട് ഭാഗ്യവർണ്ണനയിൽ ഒന്നാമത് യേശു താഴ്മയെക്കുറിച്ചായിരുന്നില്ലേ പറയേണ്ടിയിരുന്നത്? അതേ, തീർച്ചയായും. യേശു ഇവിടെ ഒന്നാമതു പറഞ്ഞതും അതു തന്നെയാണ്. വാസ്തവത്തിൽ താഴ്മ എന്നു പറയുന്നത് ആത്മാവിലെ ദരിദ്രാവസ്ഥയാണ്.

യഥാർത്ഥത്തിൽ 'ആത്മാവിലെ ദാരിദ്ര്യം' എന്നാൽ എന്താണ്? നമ്മുടെ സ്വാഭാവിക ചിന്തകൾക്ക് അതു പലപ്പോഴും മനസ്സിലാവുകയില്ല. ആത്മാവിൽ സമ്പന്നതയല്ലേ നമുക്കു വേണ്ടത്? പിന്നെ എന്തുകൊണ്ടാണ് യേശു ആത്മാവിൽ ദരിദ്രരായവർക്ക് ദൈവരാജ്യം വാഗ്ദാനം ചെയ്തത്? – ഇങ്ങനെ പോകുന്നു സ്വാഭാവിക മനസ്സിന്റെ സംശയങ്ങൾ.

യേശുവിന്റെ ജഡാവതാരത്തോടു ബന്ധപ്പെട്ടു തുടക്കത്തിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഇതിനു മറുപടിയായി. യേശു ജഡാവതാരത്തിൽ ദൈവികമായ സമ്പന്നത ഉരിഞ്ഞു വച്ച് മനുഷ്യനായി തീർന്നപ്പോൾ എന്താണു സംഭവിച്ചത്? അവിടുന്ന് എപ്പോഴും പിതാവിനെ ആവശ്യമുള്ളവനായി, ഏതു കാര്യത്തിനും പിതാവിന്റെ ആശ്രയം വേണ്ട 'ദരിദ്ര'നായിത്തീരുകയായിരുന്നു. ഈ അവസ്ഥയാണ് ആത്മാവിലെ ദാരിദ്ര്യം. യേശു തന്റെ താഴ്മയിൽ ആത്മാവിലെ ദാരിദ്ര്യമാണ് വരിച്ചതെന്നു കാണാം.

നാമും ഈ നിലയിൽ ആത്മാവിൽ ദരിദ്രരാകണമെന്നാണ് യേശു ആഗ്രഹിക്കുന്നത്. ആത്മാവിലെ ദാരിദ്ര്യം എപ്പോഴും ദൈവത്തെ ആശ്രയിക്കുവാൻ നമ്മെ പ്രേരിപ്പിക്കും. നമുക്ക് നമ്മിൽ തന്നെ ആശ്രയവും വിശ്വാസവും ഉണ്ടായിരിക്കുകയില്ല (ഫിലി. 3:3). എന്താണ് ചെയ്യേണ്ടതെന്ന് സ്വാഭാവികമായി അറിയാത്ത, എന്താണ് പറയേണ്ടതെന്ന് നിശ്ചയമില്ലാത്ത, സ്വയത്തിൽ നിസ്സഹായരായ ആളുകൾ. അങ്ങനെയുള്ളവർക്ക് ദൈവത്തെ മുറുകെപിടിക്കുകയല്ലാതെ എന്താണ് മാർഗ്ഗം? ഈ മട്ടിൽ നിസ്സഹായരായ, ദരിദ്രരായ ആളുകൾ എപ്പോഴും എല്ലാറ്റിനും വേണ്ടിയും ദൈവത്തിന്റെ അടുക്കലേക്കു ചെല്ലും–യാചകൻ ധനവാന്റെ പടിവാതിൽക്കൽ ദിനംതോറും കാത്തു നിൽക്കുന്നതുപോലെ. ഇതാണ് യഥാർത്ഥ താഴ്മ. ഇങ്ങനെയുള്ളവർ ഭാഗ്യവാന്മാരാണെന്നും ദൈവരാജ്യം അവർക്കുള്ളതാണെന്നും യേശു പറഞ്ഞപ്പോൾ അത് അവിടുന്ന് സ്വന്തം ജീവിതത്തിൽ അനുഭവമാക്കിയ ഒരു സത്യത്തിന്റെ ഉദ്ഘോഷണമായിരുന്നു.

'ദൈവത്തിന് ഒരുവനെ താഴ്ത്തുന്നത് താരതമ്യേന എളുപ്പമാണ്; അവനെ താഴ്മയിൽ നിലനിർത്തുന്നതാണ് പ്രയാസം' എന്നു പറയാറുണ്ട്. അതു ശരിയാണ്. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ' എന്ന വാക്യത്തിന്റെ കാലം പൂർത്തിയായ ഭൂതകാലമല്ല, വർത്തമാനകാലമായി തുടരുന്നതാണ് എന്നു ശ്രദ്ധിക്കുക. നാം ഭൂതകാലത്തിലെപ്പോഴോ സ്വയത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ട് ദൈവത്തെ മാത്രം ആശ്രയിച്ച് ആത്മാവിൽ ദരിദ്രരായി ത്തീർന്നിട്ടുണ്ടാവാം. പക്ഷേ, ഇപ്പോൾ നമ്മുടെ അവസ്ഥ എങ്ങനെയിരിക്കുന്നു? നാം ഇപ്പോഴും ദരിദ്രരായി തുടരുകയാണോ അതോ കാലം കടന്നുപോയപ്പോൾ സ്വയത്തിൽ ശക്തരായി തീർന്നിരിക്കുകയാണോ? ആത്മാവിലെ ദാരിദ്ര്യം നമ്മെ സംബന്ധിച്ചിടത്തോളം ഒരു ഭൂതകാല അനുഭവം മാത്രമാണോ അതോ വർത്തമാനത്തിലും തുടർന്നുകൊണ്ടിരിക്കുന്നോ എന്നതാണ് പ്രസക്തമായ ചോദ്യം.






**രാ**വിലെ ക്ലാസ്സിൽ വന്നപ്പോൾ ബാബു മാഷിന്റെ കൈയിൽ കുറേ ബലൂണുകളുണ്ടായിരുന്നു. മാഷ് ബലൂണുകൾ കുട്ടികൾക്ക് കൊടുത്തിട്ട് പറഞ്ഞു: "ഓരോരുത്തരും ബലൂണിൽ അവരവരുടെ പേരുകൾ എഴുതിക്കോളൂ. എന്നിട്ട് അത് വീർപ്പിക്കണം!" ക്ലാസ്സിലെ അമ്പത് കുട്ടികളും അങ്ങനെ ചെയ്തു. വീർപ്പിച്ച അമ്പത് ബലൂണുകളും മാഷ് മറ്റൊരു മുറിയിൽ കൊണ്ടിട്ടു. തിരികെ ക്ലാസ്സിൽ എത്തിയിട്ട് മാഷ് കുട്ടികളോടെല്ലാം പറഞ്ഞു: "അഞ്ചു മിനിറ്റ് സമയം തരും. നിങ്ങൾ അവരവരുടെ പേര് എഴുതിയ ബലൂൺ കണ്ടെത്തി കൊണ്ടുവരണം!'



ഇതുകേട്ടതും കുട്ടികൾ എല്ലാവരും ഓടി മുറിക്കുള്ളിൽകയറി സ്വന്തം ബലൂൺ കണ്ടെത്താനുള്ള ശ്രമമായി. ബലൂൺ കണ്ടെത്താനുള്ള വെപ്രാളത്തിനിടെ കുട്ടികൾ തമ്മിൽ ഉന്തും തള്ളുമായി. ആകെ ബഹളമായതോടെ ആർക്കും തങ്ങളുടെ ബലൂൺ കണ്ടെത്താനായില്ല. സമയം കഴിയുകയും ചെയ്തു.

അപ്പോൾ ബാബു മാഷ് അങ്ങോട്ടുവന്നിട്ട് പറഞ്ഞു: "നിങ്ങൾക്ക് സ്വന്തം ബലൂൺ കണ്ടെത്താൻ ഒരു എളുപ്പവഴി ഞാൻ പറയാം. ഓരോരുത്തരും ഏതെങ്കിലും ഒരു ബലൂൺ എടുക്കുക. എന്നിട്ട് അതിലെഴുതിയിരിക്കുന്ന പേരുള്ള ആളെ കണ്ടെത്തി ഏല്പിക്കുക!"

കുട്ടികൾ ഉടൻ അങ്ങനെ ചെയ്തു. അതോടെ അഞ്ചുമിനിറ്റിനുള്ളിൽതന്നെ ഓരോരുത്തർക്കും അവരവരുടെ പേരെഴുതിയ ബലൂൺ കിട്ടി.

സ്വന്തം ബലൂണുകളുമായി ക്ലാസ്സിൽ തിരിച്ചെത്തിയ കുട്ടികളോട് മാഷ് ഇങ്ങനെ പറഞ്ഞു: "ഇതാണ് പലരുടേയും ജീവിതത്തിൽ സംഭവിക്കുന്നത്. ഓരോരുത്തരും അവരവരുടെ സന്തോഷം കണ്ടെത്താൻ വേണ്ടിയുള്ള ഓട്ടമാണ്. പക്ഷേ, അത് എവിടെയാണെന്ന് അവർക്ക് കണ്ടെത്താനാകുന്നുമില്ല. ശരിക്കും നമ്മുടെ സന്തോഷം മറ്റുള്ളവരുടെ കൈയിലാണ്. അവർക്ക് സന്തോഷം കൊടുത്തുനോക്കൂ, നമുക്കുള്ള സന്തോഷം അവർ നമുക്ക് തിരികെത്തരും!"

മാഷ് പറഞ്ഞത് വളരെ ശരിയാണെന്ന് കുട്ടികൾക്ക് തോന്നി.

## കോലം മാറിയ വാക്കുകൾ!

നാടോടുമ്പോൾ നടുവേ ഓടുന്ന ചില വാക്കുകളുണ്ട്. കുറച്ചുകാലം മുമ്പു വരെ നമ്മൾ ഉപയോഗിച്ചിരുന്ന അർത്ഥമാവില്ല ഇപ്പോൾ അവയ്ക്ക്. കമ്പ്യൂട്ടർ ഭാഷയിലേക്ക് എടുത്ത വാക്കുകളും അവയുടെ പഴയ അർത്ഥവും ഇതാ:



**മെമ്മറി**: പ്രായമാകുമ്പോൾ നഷ്ടപ്പെടുന്നത്.

**ആപ്ലിക്കേഷൻ**: സ്ഥാപനങ്ങളിലെ അഡ്മിഷനുവേണ്ടിയുള്ള അപേക്ഷ.

**പ്രോഗ്രാം**: ടി. വി. അല്ലെങ്കിൽ റേഡിയോ പരിപാടി.

**കീബോർഡ്**: ഒരു സംഗീതോപകരണം

**വെബ്**: എട്ടുകാലിയുടെ വീട്.

**ഹാർഡ് ഡ്രൈവ്**: ദീർഘദൂരം വണ്ടി ഓടിക്കേണ്ട യാത്ര.




# ഒരു ചുവടു ദൂരം

**എ**ബ്രഹാം ലിങ്കൺ ആദ്യമായി രാഷ്ട്രീയ പരാജയം രുചിച്ചത് ഇല്ലിനോയിസ് നിയമസഭാ സീറ്റിൽ പരാജയപ്പെട്ടപ്പോഴാണ്. അപ്പോൾ സ്നേഹിതന്മാർ ബിസിനസിലേക്ക് കടക്കുവാൻ ലിങ്കനെ പ്രേരിപ്പിച്ചു. അവിടെയും പരാജയപ്പെട്ടതിന്റെ കടം വീട്ടാൻ ജീവിതത്തിലെ മറ്റൊരു ഇരുപതു വർഷം കൂടി ചെലവഴിക്കേണ്ടിവന്നു!



അടുത്ത പരാജയം വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്ന യുവതി ലിങ്കന് നഷ്ടപ്പെട്ടതായിരുന്നു. പിന്നീട് വിവാഹം കഴിച്ച സ്ത്രീ ജീവിതത്തിലെ വലിയ മുള്ളായി തീരുകയും ചെയ്തു. അങ്ങനെ മറ്റൊരു പരാജയം!

അടുത്തത് പാർലമെന്റായിരുന്നു ലിങ്കന്റെ ലക്ഷ്യം. എന്നാൽ യുണൈറ്റഡ് സ്റ്റേറ്റ്സ് സെനറ്റും എതിരാളികൾ പിടിച്ചെടുത്തു. ഇത്രയധികം പരാജയം നേരിടേണ്ടി വരുമ്പോൾ മിക്കവരും ധൈര്യം ക്ഷയിച്ച് പിന്മാറും. എന്നാൽ ഏബ്രഹാം ലിങ്കൺ കൂടുതൽ ഉയർന്ന നേട്ടങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

1856-ൽ വൈസ് പ്രസിഡന്റ് പദവി തനിക്കു ലഭിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. അത് നടന്നില്ല. 1858-ൽ ഒരു പ്രാവശ്യംകൂടി ശ്രമിച്ചെങ്കിലും ഡഗ്ളസിനോടു തോറ്റു.

ഒന്നിനു പുറകെ ഒന്നായി പരാജയങ്ങളുടെ നീണ്ടപട്ടികയായിരുന്നു ലിങ്കന്റെ ജീവിതം. എന്നാൽ മനുഷ്യനെയും. ദൈവത്തേയും സേവിക്കുക, എന്ന ഉറച്ച തീരുമാനവും പ്രതിഷ്ഠയും ഇല്ലായിരുന്നുവെങ്കിൽ ഏറ്റവും മഹാനായ അമേരിക്കൻ പ്രസിഡന്റ് എന്ന് ചരിത്രം അദ്ദേഹത്തെക്കുറിച്ച് രേഖപ്പെടുത്തുകയില്ലായിരുന്നു. അദ്ദേഹത്തിന്റെ പരാജയങ്ങൾ തന്നെ പിന്നീട് ആത്യന്തികമായ വിജയം നൽകി. ഏബ്രഹാം ലിങ്കനെക്കുറിച്ച് ആരാണ് കേട്ടിട്ടില്ലാത്തത്? അദ്ദേഹം അറിയപ്പെടുന്നത് പരാജയപ്പെട്ട വ്യക്തിയായിട്ടല്ല, മറിച്ച് വിജയിച്ചയാളെന്ന നിലയിലാണ്.

നമ്മുടെ പ്രതിസന്ധികൾ എത്ര കടുപ്പമേറിയവയാണെങ്കിലും അതിനെ ഘട്ടം ഘട്ടമായി നേരിടാനും നിശ്ചയദാർഢ്യത്തോടെ വിജയം ലക്ഷ്യമാക്കാനും നമുക്കു കഴിയണം.

പരാജയങ്ങൾ സംഭവിക്കുമ്പോൾ ചിലരുടെ ജീവിതം തകർന്ന് തരിപ്പണമാകുന്നു. ചിലർ വൈകാരികാവേശത്തിൽ ആത്മഹത്യ ചെയ്യുന്നു. എന്നാൽ ഒരു കാര്യം നാം മനസിലാക്കുക, പരാജയത്തിൽ നിന്ന് വിജയത്തിലേക്ക് ഒരു ചുവട് ദൂരം മാത്രമേയുള്ളൂ.

പരിശ്രമിക്കുക, വീണ്ടും പരിശ്രമിക്കുക. പരിശ്രമിക്കുന്നവന് വിജയം അകലെയല്ല. പരാജയങ്ങളിൽ പതറിപ്പോകരുത്. ഏതു തോൽവിയിലും വിജയത്തിന്റെ സാധ്യത കാണുക. ആശ കൈവെടിയാതിരിക്കുക.

## കുസൃതി ചോദ്യങ്ങൾ

1. കൊടുത്തു കഴിഞ്ഞാൽ മാത്രം സൂക്ഷിക്കാൻ കഴിയുന്നത് എന്ത്?
2. ഒരു പന്ത്രണ്ട് നില കെട്ടിടത്തിന് തീ പിടിച്ചു. പേടിച്ചു പോയ അഞ്ചുവയസ്സുകാരൻ ജനാലയിലൂടെ പുറത്തേക്ക് ചാടി. പക്ഷേ അവനൊന്നും സംഭവിച്ചില്ല. കാരണം എന്ത്?
3. കാലില്ലാത്ത തവളയെ എന്തു വിളിക്കും.
4. സൂക്ഷിക്കാം പക്ഷെ, പങ്കു വെക്കാനാവില്ല, ഒരിക്കൽ പങ്കുവെച്ചാൽ സൂക്ഷിക്കാനുമാകില്ല.

## വാചകത്തിനുള്ളിൽ

ഇതാ ഇംഗ്ലീഷിലെ ഏറ്റവും വിസ്മയകരമായ ഒരു വാചകം. ഇതിനൊരു പ്രത്യേകതയുണ്ട്. കണ്ടുപിടിക്കാമോ?

"I do not know where family doctors acquired illegibly perplexing handwriting; never the less, extraordinary pharamaceutical intellectuality counterbalancing indecipherability transcendentalizes intercommunication's incomprehensibleness."

**ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം എഴുതി അയക്കുന്നവർക്ക് മനോഹരമായ ഒരു പുസ്തകം സൗജന്യമായി ലഭിക്കുന്നതാണ്.**



# സ്നേഹത്തിന്റെ പ്രമാണം

ടിബറ്റൻ സന്യാസിമാരെക്കുറിച്ച് ഒരു കഥയുണ്ട്. എപ്പോഴെങ്കിലും കൊടുങ്കാറ്റോ ഹിമപാതമോ ഉണ്ടായാൽ സന്യാസിമാർ ഉടനെ കടലാസിൽനിന്നു കുതിരകളെ വെട്ടിയെടുക്കും. ആ കടലാസുകുതിരകളുമായി അവർ ഉടനെ ആശ്രമത്തിന്റെ മുകൾത്തട്ടിലെത്തും. കൊടുങ്കാറ്റിലും ഹിമപാതത്തിലും ആർക്കും ഒരപകടവും പിണയരുതെന്നു പ്രാർത്ഥിച്ചുകൊണ്ടു കടലാസുകുതിരകളെ അവർ കാറ്റിൽ പറത്തിവിടും. എന്തിനാണെന്നോ? ആ കടലാസുകുതിരകൾ യഥാർത്ഥ കുതിരകളായിമാറി വഴിപോക്കരെ എത്രയുംവേഗം ലക്ഷ്യസ്ഥാനത്തെത്തിക്കാൻ!

ടിബറ്റൻ സന്യാസിമാർ പറത്തിവിട്ട കടലാസു കുതിരകളിലൊന്നെങ്കിലും യഥാർഥ കുതിരയായി മാറുകയോ, വഴിപോക്കരെ ലക്ഷ്യസ്ഥാനത്തെത്തിക്കുകയോ ചെയ്തിട്ടുണ്ടാവില്ല. പക്ഷേ, അവരുടെ മാതൃകയെ നാം മാനിക്കുകതന്നെ വേണം. മറ്റു മനുഷ്യരുടെ സുസ്ഥിതിയിൽ അവർക്കുള്ള ആത്മാർത്ഥമായ താല്പര്യം നമുക്കു പ്രചോദനമാകണം.

നിയമങ്ങളും പ്രവാചകപഠനങ്ങളും രണ്ടേ രണ്ടു കല്പനയിൽ യേശു സംഗ്രഹിച്ച കഥ നമുക്കറിയാം. “പൂർണഹൃദയത്തോടും പൂർണ ആത്മാവോടും പൂർണമനസോടുംകൂടി ദൈവത്തെ സ്നേഹിക്കുക” എന്നതാണ് പ്രഥമ കല്പന. ഇതിനു തുല്യമായ രണ്ടാമത്തെ കല്പനയാണ് “നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക” (മത്തായി 22:37–39) എന്നുള്ളത്. യേശുവിന്റെ ഈ വിശിഷ്ട പഠനം പൗലോസ് അപ്പസ്തോലൻ വ്യക്തമായി മനസിലാക്കിയിരുന്നു. തന്മൂലമാണ് “അയൽക്കാരനെ സ്നേഹിക്കുന്നവർ നിയമം പൂർത്തിയാക്കിക്കഴിഞ്ഞു” (റോമ. 13:8) എന്ന് അദ്ദേഹം പഠിപ്പിച്ചത്.

പരസ്പരസ്നേഹത്തിന്റെ മഹനീയതയെക്കുറിച്ച് ആരും നമ്മെ ഇനി പഠിപ്പിക്കേണ്ടതില്ല. അത്രമാത്രം വ്യക്തമാണ് ഈ സുവർണനിയമത്തിലെ വ്യവസ്ഥകൾ. എങ്കിലും പ്രായോഗിക തലത്തിലേക്കു കടക്കുമ്പോൾ കാര്യങ്ങൾ അത്ര എളുപ്പമല്ല. അതുകൊണ്ടാണല്ലോ ഈ സുവർണനിയമത്തിലും പഴുതുകൾ കണ്ടെത്താനാവുമോ എന്നു നാം ശ്രമിക്കുന്നത്. എവിടെയോ വായിച്ച ഒരു നുറുങ്ങുകഥ ഇവിടെ ചേർക്കട്ടെ.

മതപഠനക്ലാസിലെ ഒരു രംഗം. പരസ്നേഹത്തിന്റെ സവിശേഷതകളെക്കുറിച്ച് ആവേശപൂർവം പഠിപ്പിക്കുകയാണ് അധ്യാപകൻ. “മറ്റുള്ളവർക്കു വേണ്ടിയാണു നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്” – അധ്യാപകൻ പറഞ്ഞു. “മറ്റുള്ളവരെ നമ്മെപ്പോലെതന്നെ നാം സ്നേഹിക്കണം എന്നതാണു നമ്മുടെ കടമ.” ഉടനെ ക്ലാസിൽ നിന്ന് ഒരു ചോദ്യമുയർന്നു: “നമ്മൾ മറ്റുള്ളവർക്കുവേണ്ടിയാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെങ്കിൽ മറ്റുള്ളവർ ആർക്കുവേണ്ടിയാണ്?”

ഒരുപക്ഷേ, അറിയാതെയാണെങ്കിലും നാം ചോദിച്ചുപോകുന്ന ചോദ്യമായിരിക്കും ഇത്. ചിലർ ചോദിക്കുക മാത്രമല്ല, മറ്റുള്ളവർ തങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണെന്നു വിശ്വസിക്കുകയും വെറും വസ്തുക്കളെപ്പോലെ അവരെ കാര്യലാഭത്തിനായി ഉപയോഗിക്കുകയും ചെയ്യാറുണ്ട്. അടിമവ്യവസ്ഥിതി വിരളമായി മാത്രമേ ഇന്നു ഭൂമുഖത്തു കാണാറുള്ളു. എങ്കിലും സ്വാർഥ ലാഭത്തിനായി മറ്റുള്ളവരെ ഉപയോഗിക്കുന്ന പതിവിന് ഇന്നും കുറവു വന്നിട്ടില്ല. “സ്നേഹത്താൽ അന്യോന്യം സേവനം ചെയ്യുവിൻ” (ഗലാ. 5:13) എന്നാണ് വിശുദ്ധ പൗലോസ് ഉപദേശിച്ചത്. എങ്കിലും നമ്മുടെ സ്വാർത്ഥത മറ്റുള്ളവരെ ‘ഉപയോഗിക്കാൻ’ നമ്മെ പ്രേരിപ്പിക്കുന്നു. പക്ഷേ, ഇതുവഴി മറ്റുള്ളവരിൽ നിന്നു നമുക്കു ലഭ്യമായേക്കാവുന്ന സ്നേഹവും സേവനവും നഷ്ടപ്പെടുകയാണെന്നു നാം അറിയുന്നില്ല.

മനോഹരമായ ഒരു ഈസോപ്പുകഥയുണ്ട്. ഒരിക്കൽ ഒരു പൊട്ടക്കണ്ണനും ചട്ടനും ദുർഘടമായ ഒരു വഴിയിലെത്തി. അപകടരഹിതമായി വഴി കടക്കണമെങ്കിൽ പൊട്ടക്കണ്ണന് ആരുടെയെങ്കിലും സഹായം കൂടിയേ തീരു. അയാൾ ചട്ടന്റെ സഹായം ചോദിച്ചു. പക്ഷേ, ചട്ടന് എന്തു ചെയ്യാനാവും. ഇഴഞ്ഞിഴഞ്ഞു നീങ്ങാൻപോലും അയാൾക്കു ബുദ്ധിമുട്ടാണ്. എങ്കിലും അയാൾ പറഞ്ഞു: “ഞാൻ നിന്നെ സഹായിക്കാം. പക്ഷേ, നീ എന്നെക്കൂടി സഹായിച്ചാലേ അതു സാധ്യമാകൂ. എനിക്കു നടക്കാൻ വയ്യ. പക്ഷേ, നിനക്കെന്നെ തോളിലേറ്റി നടക്കാൻ പറ്റും. അങ്ങനെ ചെയ്താൽ എനിക്കു നിന്റെ വഴികാട്ടിയാകാനാവും.” പൊട്ടക്കണ്ണൻ സന്തോഷത്തോടെ ആ ഓഫർ സ്വീകരിച്ചു. അവരിരുവരും സുരക്ഷിതരായി യാത്രചെയ്തതായിട്ടാണു കഥ.

പലരും പലതവണ കേട്ടിട്ടുള്ള കഥയായിരിക്കും ഇത്. എങ്കിലും ഓരോതവണ കേൾക്കുന്തോറും നമ്മുടെ ജീവിതത്തിൽ ഈ കഥയ്ക്കുള്ള പ്രസക്തി ഏറിവരുന്നതായി തോന്നുന്നില്ലേ? നാം നമുക്കുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവരല്ല. അതുപോലെ നമുക്കും മറ്റുള്ളവരുടെ സഹായം കൂടിയേ തീരൂ. ‘ആരും ഒരയൽക്കാരനെയും വേണ്ടാത്തിടത്തോളം സമ്പന്നനല്ല’ എന്ന് അർഥമുള്ള ഒരു ഡച്ച് പഴഞ്ചൊല്ലുണ്ട്. അൽപംപോലും പതിരില്ലാത്ത പഴഞ്ചൊല്ലല്ലേ ഇത്?

നമ്മുടെ സന്തോഷം പതിന്മടങ്ങ് വർധിക്കണമോ? എങ്കിൽ മറ്റുള്ളവരോടു നമ്മുടെ സന്തോഷം പങ്കുവച്ചാൽ മതി. നമ്മുടെ ദുഃഖത്തിന് ശമനം വേണമോ? നമ്മുടെ ദുഃഖത്തിലും പങ്കുപറ്റാൻ മറ്റുള്ളവരെ അനുവദിക്കൂ. അപ്പോൾ നമ്മുടെ ദുഃഖം ഗണ്യമായി കുറയും. നമ്മുടെ ദുഃഖത്തിലേക്കു മറ്റുള്ളവരെ വലിച്ചിഴയ്ക്കുകയോ നമ്മുടെ ദുഃഖം മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുകയോ ചെയ്യരുത്. അവർ സന്മനസോടെ മാത്രം നമ്മുടെ ദുഃഖത്തിൽ പങ്കുപറ്റട്ടെ.

അതെ, മറ്റുള്ളവർ നമുക്കുവേണ്ടിക്കൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരാണ്. മറ്റുള്ളവരുടെ സ്നേഹവും സേവനവും കാരുണ്യവുമൊക്കെ നമുക്കു കൂടിയേ തീരൂ. എങ്കിൽ മാത്രമേ നമ്മുടെ സന്തോഷം പൂർണമാകൂ. ജീവിതം അർഥപൂർണവും വിജയപ്രദവുമാകൂ. പക്ഷേ, നമ്മുടെ സ്വാർഥസുഖത്തിനായി നാം ആരെയും ഉപയോഗിച്ചുകൂടാ. സ്നേഹത്താൽ പ്രേരിതമായ സേവനത്തിനു നാം തയാറാകുമ്പോൾ അതേയളവിലും തിക്കിക്കൊള്ളിച്ചും നമുക്കു തിരികെ അളന്നുകിട്ടും.

നമ്മെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ സ്നേഹത്തിന്റെ പ്രമാണം പൂർത്തീകരിക്കപ്പെടുകയില്ലെന്നാണു ദിവ്യഗുരു പഠിപ്പിച്ചത്. ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നുമാണ് അവിടുന്ന് ആഹ്വാനം ചെയ്തത്. ശത്രുക്കളുടെ കൈകളിലകപ്പെട്ട യഹൂദൻ, ശമരിയാക്കാരുടെ കുലശത്രുവായിരുന്നിട്ടുകൂടി ആ യഹൂദനെ രക്ഷിക്കാൻ തയാറായ ശമരിയാക്കാരനെയാണ് യഥാർഥ അയൽക്കാരനായി യേശു അവതരിപ്പിച്ചിരിക്കുന്നത് (ലൂക്കോ. 10:25–28).

നിയമത്തെയും പ്രവാചകരെയും യേശു രണ്ടു കല്പനകളിലൊതുക്കിയപ്പോൾ രണ്ടാമത്തെ കല്പനയ്ക്ക് അവിടുന്നു പുതിയൊരു മുഖംകൂടി നൽകുകയുണ്ടായി. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണമെന്നാണ് എന്റെ കല്പന” (യോഹ. 15:12). യേശുവിന്റെ ആത്മസമർപ്പണ ചൈതന്യത്തോടെയുള്ള സ്നേഹമാണു നമുക്കു വേണ്ടത്. മറ്റുള്ളവർക്കുവേണ്ടി സ്വജീവൻ സമർപ്പിച്ച സ്നേഹമാണത്. യേശുവിന്റെ ഈ സ്നേഹത്തിൽ നാമും പങ്കുപറ്റിയെങ്കിൽ മാത്രമേ നമ്മുടെ സ്നേഹവും പൂർണമാകൂ.

# ആത്മപ്രശംസയും പൊങ്ങച്ചവും



മാനവകുല ചരിത്രത്തിലെ ബുദ്ധിരാക്ഷസന്മാരിൽ മുൻപന്തിയിൽ നിൽക്കുന്ന അതുല്യ പ്രതിഭയാണ് ആൽബർട്ട് ഐൻസ്റ്റീൻ. ആപേക്ഷിക സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം ഊർജതന്ത്രത്തിനു നൽകിയ സംഭാവനകൾ അത്ഭുതാവഹമാണ്. 1921ൽ ഫിസിക്സിനുള്ള നൊബേൽ സമ്മാനത്തിന് അർഹനായ ഐൻസ്റ്റീൻ ജനിച്ചത് ജർമനിയിലാണ്. അദ്ദേഹത്തിന്റെ പിതാവായ ഹെർമൻ ഒരു എൻജിനിയറായിരുന്നു.

ഇലക്ട്രിക്കൽ ഉപകരണങ്ങൾ നിർമിക്കുന്ന ഒരു കമ്പനി സ്ഥാപിച്ച അദ്ദേഹം ബിസിനിസിൽ പരാജയപ്പെട്ടു. തന്മൂലം ജോലി തേടി ഹെർമൻ ഇറ്റലിയിലേക്കു താമസം മാറ്റി. എങ്കിലും ആൽബർട്ട് ജർമനിയിൽ തന്നെ പഠനം തുടർന്നു. പതിനാറാം വയസിൽ സ്വിറ്റ്സർലണ്ടിൽ പഠനം തുടർന്ന ഐൻസ്റ്റീൻ മാത്തമാറ്റിക്സിൽ നന്നായി തിളങ്ങി. സൂറിച്ച് പോളിടെക്നിക്കിൽ നിന്നു നാലു വർഷം നീണ്ടുനിന്ന ട്രെയിനിംഗിനു ശേഷം മാത്തമാറ്റിക്സിലും ഫിസിക്സിലുമുള്ള ടീച്ചിംഗ് ഡിപ്ലോമ അദ്ദേഹം കരസ്ഥമാക്കി. അതിനുശേഷം ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ടു നിരവധി ശാസ്ത്രലേഖനങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു. ഫിസിക്സിൽ നൊബേൽ സമ്മാനം നേടിയതിനുശേഷം അദ്ദേഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്രചെയ്തു പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആ യാത്രയ്ക്കിടയിൽ നിരവധി സുഹൃത്തുക്കളെ അദ്ദേഹം നേടുകയുണ്ടായി.

ഐൻസ്റ്റീൻ അമേരിക്ക സന്ദർശിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു ജർമനിയിൽ ഹിറ്റ്ലർ അധികാരത്തിൽ വന്നത്. യഹൂദ വംശജനായ തനിക്കു ജർമനിയിൽ രക്ഷയില്ലെന്നു മനസ്സിലാക്കിയ അദ്ദേഹം അമേരിക്കയിൽ വാസമുറപ്പിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന്റെ മുന്നോടിയായി ജർമനിയിൽ അഡോൾഫ് ഹിറ്റ്ലർ ആറ്റംബോംബ് നിർമിക്കുവാൻ ഒരുങ്ങുന്നുവെന്ന വാർത്ത കേട്ടപ്പോഴാണു പൊതുവേ സമാധാന പ്രേമിയായിരുന്ന ഐൻസ്റ്റീൻ ആറ്റംബോംബ് നിർമിക്കുവാൻ അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ളിൻ റൂസ്വെൽറ്റിനെ പ്രേരിപ്പിച്ചത്. ആറ്റംബോംബ് നിർമിക്കുവാൻ ആരംഭിച്ച പ്രസിദ്ധമായ മൻഹാട്ടൺ പ്രോജക്ടിന്റെ തുടക്കം അങ്ങനെയായിരുന്നു.

ഐൻസ്റ്റീൻ ജീവിച്ചിരുന്ന കാലത്തും അതിനുശേഷവും അദ്ദേഹത്തെക്കുറിച്ചു ധാരാളം കഥകൾ പ്രചരിച്ചിട്ടുണ്ട്. അവയിലൊന്ന് അദ്ദേഹം ആൾമാറാട്ടം നടത്തിയിരുന്നു എന്നതാണ്. ഐൻസ്റ്റിനു നൊബേൽ സമ്മാനം ലഭിച്ചതിനു ശേഷം അദ്ദേഹത്തെ ആരാധകർ പൊതിയുമായിരുന്നു. അതിൽ നിന്നു രക്ഷപ്പെടുവാൻ അദ്ദേഹം പലപ്പോഴും ആരാധകരോടു പറയുമായിരുന്നു: “ഞാൻ ഐൻസ്റ്റൈനല്ല. അദ്ദേഹത്തെപ്പോലെ വേഷവിധാനങ്ങൾ ചെയ്തു നടക്കുന്ന ഒരാളാണ്. വേണമെങ്കിൽ എന്നെ അദ്ദേഹത്തിന്റെ അപരൻ എന്നു വിളിച്ചുകൊള്ളൂ.”

ഐൻസ്റ്റൈനിന്റെ ഈ വാക്കുകൾ കേൾക്കുമ്പോൾ ആരാധകർ നിരാശരായി അദ്ദേഹത്തെ വെറുതെ വിടുമായിരുന്നു. ഐൻസ്റ്റൈനിനെക്കുറിച്ചുള്ള ഈ കഥ കേൾക്കുമ്പോൾ നമുക്ക് അതിശയം തോന്നാം. കാരണം അദ്ദേഹം പബ്ലിസിറ്റിയിൽ നിന്ന് ഓടിയകന്നിരുന്നു. എന്നാൽ, നമ്മുടെ ഈ കാലഘട്ടത്തിൽ എന്താണു സംഭവിക്കുന്നത്. ആളുകൾ പബ്ലിസിറ്റിയുടെ പിന്നാലെ പോകുന്നു. പേരും പെരുമയും സൃഷ്ടിക്കുവാൻ എന്തും ചെയ്യുന്നു. പത്രങ്ങളും ദൃശ്യമാധ്യമങ്ങളുമൊക്കെ തങ്ങളുടെ ചിത്രങ്ങൾ കൊണ്ടു നിറച്ചു നിർത്തുവാൻ ശ്രമിക്കുന്നു. പബ്ലിസിറ്റിയുടെ പിന്നാലെയുള്ള പരക്കംപാച്ചിൽ ഭൗതികസേവന രംഗങ്ങളിലെന്നപോലെ ആധ്യാത്മിക സേവനരംഗങ്ങളിലും കാണുന്നു എന്നതാണ് ഇപ്പോഴത്തെ മറ്റൊരു പ്രത്യേകത. ദൃശ്യമാധ്യമങ്ങളുടെയും സോഷ്യൽ നെറ്റ്വർക്കിംഗിന്റെയും ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മറ്റു കമ്യൂണിക്കേഷൻ സംവിധാനങ്ങളുടെയും കാലഘട്ടത്തിലാണു നാം ഇന്നു ജീവിക്കുന്നത്. തീർച്ചയായും ഈ ആധുനിക സംവിധാനങ്ങളൊക്കെ കണ്ണിൽ കാണാവുന്ന നന്മകളൊക്കെ ചെയ്യുവാൻ നാം വിനിയോഗിക്കണം. എന്നാൽ, നമ്മുടെ പബ്ലിസിറ്റിയുടെ ലക്ഷ്യം ആത്മപ്രശംസയും പൊങ്ങച്ചവുമൊക്കെയാണെങ്കിൽ അത് അതിദയനീയമാണെന്നു പറയേണ്ടിവരും.

പേരും പെരുമയും പബ്ലിസിറ്റിയുമൊക്കെ ആഗ്രഹിക്കുക സ്വാഭാവികം മാത്രം. എന്നാൽ അതിനൊരു നിയന്ത്രണം ബോധപൂർവം നമ്മിൽ നിന്നുണ്ടാകണം. അല്ലെങ്കിൽ നാമൊക്കെ ഊതിവീർപ്പിച്ച ബലൂണുകളായിട്ടു മാറും. കാതലായവയൊന്നും നമ്മുടെ ജീവിതത്തിലുണ്ടാവില്ല. അതു പിന്നെ നമ്മുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. ഐൻസ്റ്റൈൻ പബ്ലിസിറ്റിയുടെ പിന്നാലെ പോകാതിരുന്നത് അദ്ദേഹത്തിനു ഗൗരവമായ മറ്റു പല കാര്യങ്ങളും ചെയ്യാനുണ്ടായിരുന്നതുകൊണ്ടുകൂടിയാണ്. നമുക്കും ഗൗരവമായ കാര്യങ്ങൾ ചെയ്യാനുണ്ടെങ്കിൽ നാമും ദിവസം തോറും പബ്ലിസിറ്റിയുടെ പിന്നാലെ പോവുകയില്ലെന്നതാണു വാസ്തവം.

ആദ്യം നമുക്കു നല്ല കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കാം. അതുവഴിയായി പബ്ലിസിറ്റി ലഭിച്ചാൽ അതു നന്ദിയോടെ സ്വീകരിക്കാം. എന്നാൽ, പബ്ലിസിറ്റിക്കുവേണ്ടി മാത്രം ചെയ്താൽ അതു കാപട്യത്തിൽ അവസാനിക്കും എന്നതു നാം മറക്കേണ്ട.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# താളമിടുന്നതും തകർത്തെറിയുന്നതും



ഒരു സംഗീതജ്ഞനു സ്വന്തം സംഗീതോപകരണം എത്രമാത്രം പ്രാധാന്യമുള്ളതായിരിക്കും? പ്രാണനുതുല്യം എന്നോ പ്രാണനേക്കാൾ എന്നോ വിളിക്കണം ആ ബന്ധത്തെ. അതുകൊണ്ടാണു വിമാനക്കമ്പനിയുടെ അശ്രദ്ധമൂലം തന്റെ പ്രിയപ്പെട്ട സരോദ് കാണാതായതിനു നഷ്ടപരിഹാരമല്ല വേണ്ടതെന്ന് ഉസ്താദ് അംജദ് അലി ഖാൻ തുറന്നുപറഞ്ഞത്. കഴിഞ്ഞ 45 വർഷമായി താൻ വായിക്കുന്ന, കോടികൾ വിലമതിക്കുന്ന ആ സരോദ് തിരിച്ചുകിട്ടിയപ്പോൾ അതിനെ ഇതിഹാസതുല്യമായ അനുഭവമായാണ് അദ്ദേഹം വിശേഷിപ്പിച്ചതും.

സംഗീതോപകരണങ്ങളിലും അവ വായിക്കുന്ന രീതികളിലും ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിട്ടും സംഗീതജ്ഞനുമായുള്ള അവയുടെ ആത്മബന്ധത്തിൽ ഏറെയൊന്നും അപശ്രുതികളില്ല, ഇന്നോളം. പതിവായി വായിക്കുന്ന ഉപകരണങ്ങളുണ്ടെങ്കിലേ മിക്ക സംഗീതകാരന്മാർക്കും സ്റ്റേജിൽ കയറാൻപോലും കഴിയൂ. വിമാനയാത്രയ്ക്കിടയിൽ സരോദിനു കേടുപാടുവന്നതുമൂലം മുമ്പൊരിക്കൽ ഉസ്താദ് അംജദ് അലി ഖാന് ഒരു കച്ചേരിതന്നെ ഉപേക്ഷിക്കേണ്ടിവന്നിട്ടുണ്ട്. പുതിയൊരു സരോദ് വരുത്തിച്ചിട്ടു പ്രയോജനമില്ല എന്നു സാരം.



ഉപകരണങ്ങൾ കൊണ്ടുനടക്കുന്നതും സൂക്ഷിക്കുന്നതും ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണ്; പ്രത്യേകിച്ചു വിദേശ രാജ്യങ്ങളിൽ പരിപാടികൾ അവതരിപ്പിക്കാൻ പോകുമ്പോൾ. ബ്രാൻഡഡ് ഇലക്ട്രോണിക് സംഗീതോപകരണം ആണെങ്കിൽ ആർട്ടിസ്റ്റ് ഏതു രാജ്യത്ത് എത്തിയാലും ഉപകരണം ആ കമ്പനി എത്തിച്ചുകൊടുക്കുന്ന രീതിയുണ്ട്. കീബോർഡ്, ഗിറ്റാർ, വയലിൻ തുടങ്ങിയ ഉപകരണങ്ങൾ ഉദാഹരണം. പക്ഷേ, പരമ്പരാഗത സംഗീതോപകരണങ്ങൾക്ക് ഈ സൗകര്യം എന്തായാലും ലഭിക്കില്ലല്ലോ. ബാഗേജ് ആണെങ്കിൽ അതിന്റെ പ്രാധാന്യമെന്തെന്നു വിമാനക്കമ്പിനി ജീവനക്കാർക്ക് അറിയണമെന്നില്ല. ചെറിയ ഉപകരണങ്ങളാണെങ്കിൽ പ്രത്യേകം സീറ്റ് ബുക്ക് ചെയ്ത് വിമാനത്തിൽ കൊണ്ടുപോകാൻ നിയമം അനുവദിക്കുന്നുണ്ട്. എത്രയൊക്കെ ശ്രദ്ധിച്ചിട്ടും മോഷണവും കേടുപാടുമൊക്കെ പതിവാകുന്നു. പ്രശസ്ത പുല്ലാങ്കുഴൽ വാദകൻ റിസണിന്റെ വിശേഷപ്പെട്ടയിനം പുല്ലാങ്കുഴൽ തൃശൂരിലെ ഒരു പരിപാടിക്കുശേഷം നഷ്ടമായത് അദ്ദേഹത്തെ ഏറെ ദുഃഖിതനാക്കിയിരുന്നു.

ഇനി, എന്താണ് ആ പ്രത്യേക ബന്ധം..., എന്തിനം രസതന്ത്രമാണു സംഗീതജ്ഞനും ഉപകരണവും തമ്മിലുള്ളത്... ആഴത്തിലുള്ള ശാസ്ത്രീയ പഠനങ്ങൾ നടന്നിട്ടുണ്ട് ഈ വിഷയത്തിൽ. വായിക്കുന്ന വേളയിൽ ഉപകരണം സംഗീതകാരന്റെ ആത്മാവിന്റെയും ശരീരത്തിന്റെയും ഭാഗമാവുന്നു എന്നാണു പഠനങ്ങൾ പറയുന്നത്. ശരീരത്തിനും ഉപകരണത്തിനുമിടയിൽ ഒരു തടസവുമില്ലാത്ത അനുഭവം. ശരിക്കും മറ്റൊരു അവയവംപോലെ. ഒരു സംഗീതോപകരണം വായിക്കുകയാണെന്ന ചിന്തപോലും കലാകാരന്റെ മനസിൽ നിന്നു മറഞ്ഞുപോകും. അന്തരീക്ഷത്തിൽ സംഗീതവും ആത്മാവും മാത്രമാകും.

ഇതിന്റെയെല്ലാം മറുവശം കൂടി അറിയണം. സംഗീതോപകരണം ജീവനേക്കാൾ മൂല്യമുള്ളതാണെന്ന തിരിച്ചറിവിൽ കൊണ്ടുനടക്കുന്നവരുടെയിടയിൽ അവ തച്ചുതകർക്കുന്നവരുമുണ്ട്. ലൈവ് പെർഫോർമൻസിനു ശേഷം ചില പോപ്, റോക്ക് ബാൻഡുകൾ തങ്ങളുടെ എല്ലാ സംഗീതോപകരണങ്ങളും തകർത്തെറിയും. ഈ നശീകരണത്തിനു വർഷങ്ങളുടെ പഴക്കമുണ്ട്. ഒരു വടിക്ഷണം മുട്ടിലിടിച്ചു പൊട്ടിക്കുന്ന ലാഘവത്തോടെ അക്കൗസ്റ്റിക് ഗിറ്റാറുകൾ ഒടിച്ചുകളഞ്ഞ സംഗീതജ്ഞർ ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുന്നു. അമ്പതുകളിൽ ജെറി ലൂയിസ് എന്ന റോക്കർ, സംഗീതപരിപാടിക്കുശേഷം പിയാനോ തല്ലിത്തകർത്ത് തീയിടുമായിരുന്നു. ഡ്രംസെറ്റുകൾ, മാൻഡൊലിനുകൾ, വയലിനുകൾ.... തകർക്കപ്പെട്ട എത്രയെത്രയോ ഉപകരണങ്ങൾ. കീത്ത് മൂൺ എന്ന ഡ്രമ്മർ ഒരിക്കൽ തന്റെ ഡ്രംസെറ്റ്-ലൈവ് ഷോയ്ക്കുശേഷം തകർത്തത് ഡിറ്റണേറ്റർ ഉപയോഗിച്ചായിരുന്നു.

ഈ ശീലം പിന്തുടരുന്നവരെ ഭ്രാന്തന്മാർ എന്നു നാം ആക്ഷേപിച്ചേക്കാം. അതിനുമുമ്പ് നാം നമ്മിലേക്ക് ഒന്നു തിരിഞ്ഞുനോക്കിയാൽ സത്യത്തിൽ ഈ ഭ്രാന്ത് നാമും ആവർത്തിക്കുന്നതായി കാണാം. നിത്യനാശത്തിന്റെ പടുകുഴിയിൽ കിടന്ന നമ്മെ കർത്താവിന്റെ കരം കൈപിടിച്ചുയർത്തി ജീവിതവേദിയിൽ രക്ഷാകരമായ സന്തോഷവും സമാധാനവും ആവോളം അനുഭവിച്ച് ആനന്ദ ഗീതങ്ങൾ ആലപിക്കുവാൻ യോഗ്യരാക്കി തീർത്തു. അവിടെയും നാം കാര്യസാദ്ധ്യത്തിനായി മാത്രം ദൈവത്തെ എടുത്തുപയോഗിക്കുന്നു. പിന്നീട് ഭ്രാന്തന്മാരെപ്പോലെ സ്വന്തപ്രവർത്തികളാൽ ദൈവത്തെ നമ്മുടെ ജീവിതം കൊണ്ടുതന്നെ തകർത്തുകളയുന്നു. കർത്താവിനെ ക്രൂശിക്കുന്നവരായി, അവന്റെ പ്രമാണങ്ങളെ തകർത്തെറിയുന്നവരായല്ലേ ലോകം നമ്മെ കാണുന്നത്. ഒരു ഗിറ്റാർ കിട്ടിയിരുന്നെങ്കിൽ, ഒരു വയലിൻ വായിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നൊക്കെ ആശിച്ച് സ്വപ്നം കണ്ട് നടക്കുന്നവർ തകർത്തെറിയപ്പെട്ട ഉപകരണങ്ങളുടെ മുമ്പിൽ നിശ്ചലരായി മിഴിച്ചു നിൽക്കുന്നതുപോലെ, അല്പം സമാധാനത്തിനും സന്തോഷത്തിനും വേണ്ടി അലഞ്ഞ് നിരാശയുടെ പടുകുഴിയിൽ കിടക്കുന്നവർ, നാം ഉയർത്തിക്കാണിക്കുന്ന “തകർക്കപ്പെട്ട” യേശുവിനെ കണ്ട് അന്തംവിട്ടു നിൽക്കുകയാണ്. ആത്മാവിഷ്ക്കാരം നടത്തുന്ന ഒരു സംഗീതജ്ഞനെപ്പോലെ യേശു ഇനി എന്നാണ് നമ്മുടെ ആത്മാവിന്റെയും ശരീരത്തിന്റെയും ഭാഗമാകുന്നത്?

# വ്യാജവിശേഷം

എന്താണ് സുവിശേഷം? മനുഷ്യവർഗ്ഗത്തിന്റെ പാപം പരിഹരിക്കുവാൻ കർത്താവായ യേശുക്രിസ്തു യാഗമായി. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർക്ക് തികച്ചും സൗജന്യമായി പാപമോചനവും നിത്യജീവനും ലഭിക്കും. ഇതാണ് സുവിശേഷം, നല്ല വിശേഷം. പക്ഷേ ഇന്നത്തെ സുവിശേഷയോഗങ്ങളിൽ വളരെ അപൂർവ്വമായി മാത്രമേ സത്യസുവിശേഷം മുഴങ്ങുന്നുള്ളൂ.




യേശുക്രിസ്തു എന്നപേരിൽ ഒരു രക്ഷകനെ ഇവർ പ്രസംഗിക്കുന്നുണ്ടെങ്കിലും അത് ബൈബിളിലെ യേശുവല്ല, മറ്റൊരു യേശുവാണ്. തന്റെ പിന്നാലെ ഇറങ്ങുന്നവർക്ക് എല്ലാവിധ ഭൗതീക നന്മകളും നൽകുന്ന ഒരു യേശുവിനെയാണ് ഇവർ പ്രസംഗിക്കുന്നത്. ധനവാന്റെയും ലാസറിന്റെയും കഥ പറഞ്ഞ യേശുവല്ല ഇവരുടെ യേശു. ഇവർ പ്രസംഗിക്കുന്ന യേശുവിൽ വിശ്വസിക്കുന്നവർക്ക് രോഗം, ദുഃഖം, കഷ്ടത, പരാജയം, പട്ടിണി തുടങ്ങിയതൊന്നും ഉണ്ടാകില്ല. എപ്പോഴും നല്ല ആരോഗ്യമുണ്ടായിരിക്കും. വിലകൂടിയ കാറ്, കൊട്ടാരം പോലുള്ളവീട്, ലക്ഷങ്ങളുടെ വരുമാനം തുടങ്ങിയവയും ലഭിക്കും. കർത്താവിന്റെ മടങ്ങിവരവ് എന്ന വിഷയം അപൂർവ്വമായി മാത്രമേ പ്രസംഗിക്കൂ. കഷ്ടത അനുഭവിച്ച ദൈവദാസൻമാരേക്കുറിച്ച് പറയാതിരിക്കാൻ ശ്രദ്ധിക്കും. വചനത്തിന്റെ ആഴത്തിലേക്ക് ഇറങ്ങുകയില്ല. വായിക്കുന്ന വാക്യം ഏതായാലും ഭൗതീക അനുഗ്രഹത്തിൽ വന്നു നിൽക്കും പ്രസംഗം. സ്തോത്രകാഴ്ച എടുക്കുന്ന സമയത്ത് പ്രസംഗം ഏറ്റവും വാചാലമാകും. നൂറുമടങ്ങ്, ആയിരം മടങ്ങ് തുടങ്ങിയ കണക്കനുസരിച്ച് ദൈവം മടക്കി കൊടുക്കുമത്രേ. ദൈവമക്കൾ സൂക്ഷിക്കുക, ഇത് ക്രൂശിന്റെ വചനമല്ല, മാമ്മോന്റെ വചനമാണ്. ഇവർ പ്രസംഗിക്കുന്ന രക്ഷകൻ കർത്താവായ യേശുക്രിസ്തുവല്ല, മാമ്മോനാണ്. ഇവരുടെ ലക്ഷ്യം ‘നിത്യജീവനല്ല’ ഇഹലോക സുഖങ്ങളാണ്. ഇതു വ്യാജ സുവിശേഷമാണ്.

## കൊലപാതകിയെ സൃഷ്ടിക്കുന്നവർ



1952ൽ ന്യൂയോർക്കിലെ തെരുവുകളിലൂടെ ഒരു പന്ത്രണ്ടുവയസുകാരൻ അലഞ്ഞുനടക്കുന്നത് ഒരു ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം അവിടെയുള്ള നിരവധി ക്രിസ്തീയ സംഘടനകളുമായി ബന്ധപ്പെട്ട് ഈ കുട്ടിക്ക് അഭയം നൽകണമെന്ന് അഭ്യർത്ഥിച്ചു. എന്നാൽ അവരാരും അതിന് തയ്യാറായില്ല. ആ കുട്ടി തെരുവുകളിലൂടെ ലക്ഷ്യമില്ലാതെ അലഞ്ഞുനടന്നു.

ആരുടെയും സ്നേഹം ലഭിക്കാതെ അനാഥനായി വളർന്ന ആ കുട്ടി എല്ലാ ദുഷ്ട സ്വഭാവങ്ങൾക്കും അടിമയായി മാറി. അവൻ മോഷണം, പിടിച്ചുപറി എന്നിവയെല്ലാം നടത്തി ജീവിച്ചു. ഇന്ന് ലോകം അവനെ അറിയുന്നത് അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ് കെന്നഡിയുടെ കൊലയാളിയായ ലീഹാർവെ ഓസ്വാൾഡ് ആയാണ്.

ക്രിസ്തീയ പ്രമാണങ്ങൾ പ്രായോഗികമാക്കിയിരുന്നെങ്കിൽ അവന്റെ ജീവിതം ചരിത്രത്തിൽ മറ്റൊന്നായി എഴുതിച്ചേർക്കാമായിരുന്നു. നിർഭാഗ്യവശാൽ ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്നവർ തന്നെ ഒരു ജീവിതത്തെയും അവനിലൂടെ ഒരു സമൂഹത്തെയും തകർത്തു.

## തട്ടിപ്പുകാർ



താൻ ഒരു പുതിയ പ്രാണിവർഗ്ഗത്തെ കണ്ടെത്തിയെന്ന അവകാശവാദവുമായി ഒരു വിദ്യാർത്ഥി പ്രമുഖ ശാസ്ത്രജ്ഞനായ ഡോ. ഡേവിഡിനെ സമീപിച്ചു. ശാസ്ത്രജ്ഞൻ തന്റെ സൂക്ഷ്മദർശിനിയിലൂടെ വിദ്യാർത്ഥി കൊണ്ടുവന്ന പ്രാണിയെ പരിശോധിച്ചു. അതിനുശേഷം അവനോടു പറഞ്ഞു. ‘നീ ഒരു തട്ടിപ്പുകാരനാണ്.’ തന്റെ പ്രൊഫസറെ വിഡ്ഢിയാക്കുന്നതിനുവേണ്ടി ഒരു തേനീച്ചയുടെയും മൂട്ടയുടെയും ശരീരഭാഗങ്ങൾ യോജിപ്പിച്ചാണ് വിദ്യാർത്ഥി കൊണ്ടുവന്നത്. പ്രൊഫസർക്കത് വേഗത്തിൽ മനസിലായി. ഇങ്ങനെ ഒട്ടിച്ചു ചേർക്കപ്പെട്ട ക്രിസ്ത്യാനികളുടെ എണ്ണം പെരുകുകയാണ്. പുറമെ ആത്മീകവും വിശുദ്ധിയും ഉള്ളിൽ രഹസ്യപാപങ്ങളും ലൗകീക ചിന്തകളും. എന്നാൽ കർത്താവ് ഇത്തരം ഒട്ടിച്ചുചേർക്കപ്പെട്ട കപടവിശ്വാസികളെ വേഗത്തിൽ തിരിച്ചറിയുന്നു. രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല. ‘...നിങ്ങൾക്കു മാമോനെയും ദൈവത്തേയും സേവിപ്പാൻ കഴിയുകയില്ല’ (മത്താ. 6:24).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# യാത്രയും ലക്ഷ്യവും

ടി. എം. വർഗ്ഗീസ്

**കഴിഞ്ഞലക്കം തുടർച്ച**

വഴിയിൽവെച്ചു നശിച്ചുപോയ അനേകരെകുറിച്ച് വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. ആദ്യപുസ്തകമായ ഉല്പത്തിയിൽ വഴിയിൽ പട്ടുപോയ ലോത്തിന്റെ ഭാര്യയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ലോത്തിന്റെ ഭാര്യയെ ഓർത്തുകൊള്ളുക എന്ന് ഒരു മുന്നറിയിപ്പായി പറഞ്ഞിരിക്കുന്നു (ലൂക്കോ. 17:32). അതുപോലെ വഴിയിൽ വച്ച് മിര്യാമിനോടു ചെയ്തതു ഓർത്തുകൊൾക എന്നും പറഞ്ഞിരിക്കുന്നത് നാം വളരെ ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു (ആവ. 24:9)

ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിക്കപ്പെട്ട യിസ്രായേൽ ജനം, ചെങ്കടൽ കടന്ന് സീനായി പർവ്വതത്തിൽവെച്ച് ദൈവശബ്ദവും ദൈവപ്രത്യക്ഷതയും നേരിൽ കണ്ട ജനം, ദൈവ കല്പനകൾ ഏറ്റുവാങ്ങി ഞങ്ങൾ അവ പാലിച്ചുകൊള്ളാമെന്നു പറഞ്ഞവർ, അവരുടെ മരുഭൂപ്രയാണത്തിൽ വഴിയിൽവച്ച് പട്ടുപോയി. മിസ്രയീമിൽനിന്നും പുറപ്പെട്ടവരിൽ രണ്ടുപേർ ഒഴികെ ബാക്കി സകലരും വാഗ്ദത്തദേശത്തു എത്താതെ മരുഭൂമിയിൽ പട്ടുപോയി. അവർ ദുശ്ശാഠ്യമുള്ള ജനമായി യഹോവയെ എപ്പോഴും കോപിപ്പിച്ചുകൊണ്ടിരുന്നതിനാൽ വഴിയിൽവച്ച് പട്ടുപോയതായി കാണുന്നുവല്ലോ?

മോശെയുടെയും അഹരോന്റെയും മൂത്തസഹോദരിയായ മിര്യാം എന്ന പ്രവാചകി വാഗ്ദത്ത നാട്ടിൽ പ്രവേശിക്കാതെ വഴിയിൽ പട്ടുപോയി (സംഖ്യാ. 12:10, 20:1).

യഹോവ തിരഞ്ഞെടുത്ത (സങ്കീ. 105:26) യഹോവയുടെ പുരോഹിതന്മാരായ (സങ്കീ. 99:6) അഹരോനും മോശെയും വാഗ്ദത്ത നാട്ടിൽ എത്താതെ വഴിയിൽ പട്ടുപോയത് ദൈവജനം എത്ര ഗൗരവമായി എടുക്കേണ്ടിയിരിക്കുന്നു.

ലക്ഷ്യസ്ഥാനത്തു എത്താതെ വഴിയിൽവച്ച് പട്ടുപോയ അനേകരെപ്പറ്റി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഒരു വ്യക്തിയെ ചൂണ്ടിക്കാണിപ്പാനാഗ്രഹിക്കുന്നു.




## റാഹേൽ

നീണ്ട ഇരുപതു വർഷക്കാലം യാക്കോബ് ലാബാനെ സേവിച്ചശേഷം തന്റെ ഭാര്യമാരെയും മക്കളെയും താൻ സമ്പാദിച്ച ആട്ടിൻകൂട്ടവുമായി തന്റെ പിതാക്കന്മാരുടെ ദേശമായ കനാൻ ദേശത്തേക്കു തന്നെ അയയ്ക്കേണമെന്നു തന്റെ അമ്മായിയപ്പനായ ലാബാനോടു പറഞ്ഞു. എന്നാൽ ലാബാൻ യാക്കോബിനെ മടക്കി അയക്കുവാൻ വിസമ്മതിച്ചു. ലാബാൻ യാക്കോബിനെ വിടാതിരുന്നതിനാൽ യാക്കോബ് തന്റെ ഭാര്യമാരെയും മക്കളെയും താൻ സമ്പാദിച്ച ആട്ടിൻകൂട്ടവുമായി ലാബാന്റെ ഭവനത്തിൽനിന്നും ഓടിപ്പോയി. യാക്കോബ് ഓടിപ്പോയി എന്ന് ലാബാന് അറിവു കിട്ടിയപ്പോൾ താൻ തന്റെ സഹോദരന്മാരെ കൂട്ടിക്കൊണ്ട് പുറപ്പെട്ട് ഏഴു ദിവസത്തെ വഴി കടന്ന് ഗിലെയാദ് പർവ്വതത്തിൽ യാക്കോബിനെ കണ്ടുമുട്ടി. എന്നാൽ യഹോവ ലാബാനോട്: നീ യാക്കോബിനോട് ഗുണമെങ്കിലും ദോഷമെങ്കിലും പറയാതിരിപ്പാൻ സൂക്ഷിച്ചുകൊൾക എന്നു കല്പിച്ചു. ദൈവം യാക്കോബിനോടുകൂടെയിരുന്ന് ലാബാന്റെ കയ്യിൽ നിന്നും തന്റെ സഹോദരനായ ഏശാവിന്റെ കയ്യിൽ നിന്നും വിടുവിച്ചു. അങ്ങനെ യാക്കോബ് പ്രയാണം ചെയ്ത് തന്റെ പിതാവ് പരദേശിയായി പാർത്ത ദേശമായ കനാൻ ദേശത്തു വന്നു പാർത്തു. എന്നാൽ താൻ ഏറ്റവും സ്നേഹിച്ച തന്റെ ഭാര്യയായ റാഹേൽ യാക്കോബിനോടും മക്കളോടും കൂടെ കനാനിൽ എത്തുവാൻ കഴിയാതെ വഴിയിൽവച്ചു മരിച്ചുപോയി (ഉല്പ. 35:18). നീണ്ട പതിന്നാലു വർഷക്കാലം രാപകൽ ശീതവും വെയിലും ഏറ്റ് ലാബാനെ സേവിച്ചതിനു ശേഷം കിട്ടിയ "റാഹേൽ" വഴിയിൽ പട്ടുപോയതിന്റെ ചില കാരണങ്ങൾ ചൂണ്ടിക്കാണിക്കട്ടെ.

## റാഹേലിന്റെ ജീവിതത്തിലെ പാപം

അസൂയ: റാഹേൽ യാക്കോബിനു മക്കളെ പ്രസവിക്കുന്നില്ല എന്നു കണ്ടപ്പോൾ തന്റെ സഹോദരിയോടു അസൂയപ്പെട്ടു (ഉല്പ. 30:1). യഹോവ അവളുടെ ഗർഭത്തെ അടച്ചിരുന്നതിനാൽ ഹന്നാ പ്രാർത്ഥിച്ചതുപോലെ അബ്രഹാമിന്റെ ദൈവത്തിൽ വിശ്വസിച്ച് ദൈവത്തോട് അപേക്ഷിക്കേണ്ടതിനു പകരം തന്റെ സഹോദരിയോട് അസൂയപ്പെടുകയാണു ചെയ്തത്. അസൂയ ദൈവം വെറുക്കുന്ന പാപമാണ് (റോമർ 1:29, ഗലാ. 5:21, 26; 1 തിമൊ. 6:4; തീത്തോ. 3:3; 1 പത്രോ. 2:1).

## അവൾ ആത്മഹത്യചെയ്യുമെന്നു പറഞ്ഞു

അവൾ യാക്കോബിനോട്: നീ എനിക്കു മക്കളെ തരേണം അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്നു പറഞ്ഞു (Give me children or I "ll die) (ഉല്പ. 30:1). സാറായിയുടെയും റിബേക്കായുടെയും ജീവിതത്തിൽ ദൈവം ചെയ്ത അത്ഭുതപ്രവർത്തി നല്ലവണ്ണം അറിയാവുന്ന റാഹേൽ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും ദൈവത്തിൽ ആശ്രയിക്കേണ്ടതിനു പകരം അവൾ യാക്കോബിനോട് കയർത്ത് ഭീഷണിപ്പെടുത്തി മക്കൾക്കായി യാക്കോബിലാണ് ആശ്രയിച്ചത്.

## ജഢീകമായ പോര്

റാഹേലിന്റെ സഹോദരിയും യാക്കോബിന്റെ ആദ്യ ഭാര്യയുമായ ലേയ നാലു മക്കളെ യാക്കോബിനു പ്രസവിച്ചതു കണ്ടിട്ട് അസൂയാലുവായ റാഹേൽ തന്റെ സഹോദരിയോടു പൊരുതുവാൻ തീരുമാനിച്ചുകൊണ്ട് അവൾ തന്റെ ദാസിയായ ബിൽഹയെ യാക്കോബിനു ഭാര്യയായി കൊടുത്തു. അവൾ യാക്കോബിനു രണ്ടു പുത്രന്മാരെ പ്രസവിച്ചപ്പോൾ പറഞ്ഞത് ഞാൻ എന്റെ സഹോദരിയോടു വലിയോരു പോർ പോരുതി ജയിച്ചു എന്നാണ് (ഉല്പ. 30:8). അവളുടെ പോരിന്റെ ആയുധം ജഢീകമായിരുന്നു. ഇന്നു സഭകളിലും ജഢീക പോരാട്ടം കാണുവാൻ കഴിയുന്നത് എത്ര ശോചനീയം.

## നിഗളം

റാഹേൽ സുന്ദരിയും മനോഹര രൂപിണിയും ആയിരുന്നതിനാൽ യാക്കോബ് റാഹേലിനെ ഏറ്റവും അധികം സ്നേഹിച്ചു (ഉല്പ. 29:17-18). സുന്ദരിയായ റാഹേലിനു വേണ്ടി യാക്കോബ് നീണ്ട 14 (7+7) വർഷക്കാലം ലാബാനെ സേവിക്കേണ്ടി വന്നു. അവൾ സൗന്ദര്യവതിയായിരുന്നതിനാലും മറ്റെല്ലാവരെക്കാളും അധികം യാക്കോബ് തന്നെ സ്നേഹിക്കയാലും അവൾ നിഗളിച്ചു എന്ന് അവളുടെ സംസാരത്തിലും പ്രവർത്തിയിലും കാണുവാൻ കഴിയും.

## അപ്പന്റെ വിഗ്രഹങ്ങളെ മോഷ്ടിച്ചു

യാക്കോബ് ലാബാന്റെ ഭവനത്തിൽ നിന്നും ഓടിപ്പോകുമ്പോൾ റാഹേൽ തന്റെ അപ്പന്റെ ഗൃഹവിഗ്രഹങ്ങളെ മോഷ്ടിച്ച് കൂടെ കൊണ്ടുപോയി (ഉല്പ. 31:19,30). തന്റെ അപ്പനെപ്പോലെ അവളും ഒരു വിഗ്രഹാരാധി ആയിരുന്നു എന്നാണല്ലോ അതു തെളിയിക്കുന്നത്. യാക്കോബ് മുഖാന്തിരം ലാബാനെ ദൈവം അനുഗ്രഹിച്ചതും ദൈവം യാക്കോബിനോട് അരുളിച്ചെയ്തതെല്ലാം അവൾ കണ്ടിട്ടും ആ ജീവനുള്ള ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം തന്റെ അപ്പന്റെ വിഗ്രഹങ്ങളിലായിരുന്നു അവൾ ആശ്രയിച്ചത്. വിഗ്രഹാരാധന ദൈവം വെറുക്കുന്ന ഏറ്റവും വലിയ പാപമാണ്. അപ്പന്റെ വിഗ്രഹങ്ങളിൽ ആശ്രയിക്ക മാത്രമല്ല അതിനെ അവൾ മോഷ്ടിക്കയും ചെയ്തു. യാക്കോബിന്റെ മറ്റു ഭാര്യമാരും മക്കളും ചെയ്യാത്ത കാര്യമാണ് റാഹേൽ ചെയ്തത്. മോഷണം ദൈവം വെറുക്കുന്ന പാപവും ദൈവകല്പനാ ലംഘനവും ആണല്ലോ?

## അപ്പനോടു കള്ളം പറഞ്ഞു.

റാഹേൽ തന്റെ അപ്പന്റെ വിഗ്രഹങ്ങളെ മോഷ്ടിച്ച വിവരം യാക്കോബ് അറിഞ്ഞിരുന്നില്ല (ഉല്പ. 31:32). ലാബാൻ തന്റെ വിഗ്രഹങ്ങളെ കൂടാരങ്ങളിൽ തിരയുന്ന വിവരം റാഹേൽ അറിഞ്ഞപ്പോൾ, അവൾ മോഷ്ടിച്ച വിഗ്രഹങ്ങളെ എടുത്ത് ഒട്ടകക്കോപ്പിനകത്തു ഇട്ടിട്ട് അതിന്മേൽ ഇരുന്നു. അപ്പൻ റാഹേലിന്റെ കൂടാരത്തിൽ തിരയുവാൻ വന്നപ്പോൾ അവൾ അപ്പനോടു കള്ളം പറഞ്ഞ് രക്ഷപെട്ടു. മോഷണകുറ്റം മറെയ്ക്കുവാനായി അവൾ കള്ളവും പറഞ്ഞു.

## മരണവും ജീവനും നാവിന്റെ അധികാരത്തിൽ

തിരുവചനം പറയുന്നു: മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു; അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും (സദൃ. 18:21).

റാഹേലിനു മക്കൾ ജനിക്കാതിരുന്നപ്പോൾ അവൾ യാക്കോബിനോടു പറഞ്ഞത്: നീ എനിക്കു മക്കളെ തരേണം അല്ലെങ്കിൽ മരിക്കുമെന്നാണ്. അതുപോലെ ലാബാന്റെ വിഗ്രഹങ്ങളെ മോഷ്ടിച്ച കാര്യം ലാബാൻ യാക്കോബിനോടു പറഞ്ഞപ്പോൾ യാക്കോബ് പറഞ്ഞത്; ആരുടെയെങ്കിലും പക്കൽ നിന്റെ ദേവന്മാരെ കണ്ടാൽ അവൻ ജീവനോടിരിക്കരുത്. (ലാബാന്റെ വിഗ്രഹങ്ങൾ റാഹേലിന്റെ പക്കൽ ആയിരുന്നല്ലോ.) യാക്കോബും റാഹേലും തങ്ങളുടെ വായ്കൊണ്ട് പ്രസ്താവിച്ച 'മരണം' മുകളിൽ ഉദ്ധരിച്ച വേദവാക്യപ്രകാരം റാഹേലിന്റെ ജീവതത്തിൽ നിറവേറിയതായി കാണുന്നുവല്ലോ?

റാഹേൽ വഴിയിൽ പട്ടുപോകാനുള്ള ചില കാരണങ്ങളാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്. യാക്കോബും തന്റെ ഭാര്യമാരും മക്കളും പിതൃദേശത്തെ ലക്ഷ്യമാക്കി യാത്ര തിരിച്ചുവെങ്കിലും റാഹേൽ ലക്ഷ്യസ്ഥാനത്തെത്താതെ വഴിയിൽവച്ചു പട്ടുപോയി. റാഹേലിനു ഭവിച്ചതുപോലെ നമുക്കാർക്കും ഭവിക്കാതിരിപ്പാൻ മുകളിൽ പറഞ്ഞ വസ്തുതകൾ ഒരു മുന്നറിയിപ്പായി ഏറ്റെടുക്കാം. നമ്മുടെ ജീവിതയാത്രയിൽ പട്ടുപോകാതെ ലക്ഷ്യസ്ഥാനത്തു എത്തിച്ചേരുവാൻ ദൈവപുത്രനായ യേശുവിനെ സ്നേഹിച്ച് അവിടുത്തെ കല്പനകൾ അനുസരിച്ച് വചനപ്രകാരം ജീവിയ്ക്കാം. അങ്ങനെ അവിടുത്തെ

### പ്രത്യേക ശ്രദ്ധയ്ക്ക്

വേദാഭിമാനി സെപ്റ്റംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ടി.എം.വർഗ്ഗീസിന്റെ യാത്രയും ലക്ഷ്യവും എന്ന ലേഖനത്തിൽ "നാല്പത് വെള്ളിക്കാശിന് ഒറ്റിക്കൊടുത്തു" എന്നുള്ളത് "മുപ്പത് വെള്ളിക്കാശിന്" എന്ന് തിരുത്തിവായിക്കാനപേക്ഷ. ടൈപ്പിംഗിൽ വന്ന പിഴവ് പ്രൂഫ് റീഡിംഗിൽ തിരുത്തിയെങ്കിലും പ്രിന്റിംഗിൽ തെറ്റ് ആവർത്തിച്ചതിൽ ഖേദിക്കുന്നു.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***മരണാനന്തര ജീവിതം സുഖകരവും ആനന്ദകരവുമാക്കാനുള്ള വഴികളെക്കുറിച്ച് താങ്കൾ പറയുന്നു. മരണാനന്തരജീവിതം ശരിയോ? തെറ്റോ? എന്നതല്ല എന്റെ വിഷയം. ഇന്ന് എന്നു പറയുന്നതാണ് യാഥാർത്ഥ്യം. ഇപ്പോഴത്തെ ഈ ജീവിതം എങ്ങനെ ആനന്ദപൂർണ്ണമാക്കാം എന്നല്ലേ ചിന്തിക്കേണ്ടത്. നേട്ടങ്ങളും സൗഭാഗ്യങ്ങളും കൈപ്പിടിയിൽ ഒതുക്കി ജീവിതം ആനന്ദപൂർണ്ണമാക്കാനുള്ള വഴികളെക്കുറിച്ച് പറയൂ.***

***സി. വി. ശശികുമാർ, വയല, പറക്കോട്, പുതുശ്ശേരി***

ഭൗതികതയിലൂന്നി നേട്ടങ്ങൾക്കു പിന്നാലെയുള്ള യാത്രയായിരിക്കാം നിങ്ങളുടേത്. അല്പസമയം ഒന്നു ചിന്തിക്കൂ. ഈ ദൃശ്യപ്രപഞ്ചവും അതിലെ പദാർത്ഥങ്ങളും ശാശ്വത സത്യമാണെങ്കിൽ അവ സ്വന്തമാക്കാനുള്ള ശ്രമം യുക്തിസഹം തന്നെ. പക്ഷെ അവ മിഥ്യയാണെന്നറിയുമ്പോൾ ആ ശ്രമം കൊണ്ട് വല്ല പ്രയോജനവുമുണ്ടോ?. ഭോഗസുഖങ്ങൾ മിന്നൽപിണർ പോലെ ക്ഷണികമാണ്. ചുട്ടുപഴുത്ത ലോഹപ്രതലത്തിൽ ഒരു തുള്ളി വെള്ളം വീണാൽ നിമിഷനേരം കൊണ്ട് അതില്ലാതാകുന്നതുപോലെ അനന്തമായ കാലവുമായി ബന്ധപ്പെടുത്തുമ്പോൾ ഭൗതികജീവിതം അല്പകാലത്തേക്കുള്ളതാണെന്ന് ബോധ്യമാകും. പാമ്പിന്റെ വായിൽ അകപ്പെട്ട തവള തന്റെ ഭക്ഷണത്തിനുവേണ്ടി നാവു നീട്ടുന്നതുപോലെ നിരർത്ഥകമാണ് മനുഷ്യന്റെ ഭൗതികതയോടുള്ള ആർത്തി. വഴിപോക്കർ വിശ്രമത്തിനായി വഴിയമ്പലത്തിൽ അല്പസമയം തങ്ങിയ ശേഷം പിരിഞ്ഞുപോകുന്നതുപോലെയും പുഴയിൽ മരത്തടികൾ ഒഴുകി ഒന്നിച്ചുചേർന്ന് പിന്നെ വേർതിരിഞ്ഞ് പോകുന്നതുപോലെയും മരണം ലൗകിക ജീവിതത്തിന് വിരാമമിടുന്നു. സമ്പത്തും പ്രതാപങ്ങളും യൗവ്വനവും ഒന്നും ഒരിക്കലും മനുഷ്യന് സ്ഥിരമായി നിലനിൽക്കുകയില്ല. ചരിത്രത്തിൽ തന്നെ എത്രയോ ഉദാഹരണങ്ങൾ നമുക്ക് കാണുവാൻ കഴിയും. അതിരുകളില്ലാത്ത സാമ്രാജ്യത്തിന്റെ അധിപനായ അലക്സാണ്ടർ ചക്രവർത്തിയുടെ പ്രതാപം വെറുമൊരു ഓർമ്മ മാത്രമായി ചരിത്രത്തിൽ അവശേഷിക്കുന്നു. അനുവാദം ചോദിക്കാതെ തന്നെ മരണം അദ്ദേഹത്തെ കീഴ്പ്പെടുത്തി. കരബലം കൊണ്ട് ലോകത്തെ കീഴ്പെടുത്തിയ അലക്സാണ്ടർ ചക്രവർത്തിയെ അവസാനമായി നാം കാണുന്നത് ശൂന്യമായ തന്റെ ഇരുകരങ്ങളും വെളിയിലേക്കിട്ട് ശവമഞ്ചത്തിൽ അന്ത്യയാത്ര ചെയ്യുന്ന നിസാരനായ, നിസ്സഹായനായ മനുഷ്യൻ എന്ന നിലയിലാണ്. ഇവിടെയാണ് ജീവിതയാത്രയെക്കുറിച്ച് ബോധ്യം ഉണ്ടാകേണ്ടത്. ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള യാത്രയാണ് നമ്മുടെ ജീവിതം. നിത്യതയിലേക്കുള്ളയാത്രയിലാണ് എല്ലാവരും. ഇവിടെ നാം യഥാർത്ഥ ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്ന വഴിയെപ്പറ്റി അറിയേണ്ടതുണ്ട്.



മനുഷ്യൻ സഞ്ചരിക്കേണ്ട വഴികളെപ്പറ്റി വളരെ ലളിതമായും വിശദമായും വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: ഹാ മായ മായ സകലതും മായയത്രെ. യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊള്ളുക. ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക.

ഈ വിഷയത്തിൽ - മനുഷ്യന്റെ നിസ്സഹായാവസ്ഥ കണ്ടറിഞ്ഞ് - സഹായിക്കുവാൻ തയ്യാറായിക്കൊണ്ട് ദൈവം മനുഷ്യരോട് കല്പിക്കുന്നു. "...ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ" (ഫിലി. 2:12,13). അപ്പോൾ ഒരു ചോദ്യം മാത്രം ഉയരുന്നു. രക്ഷ പ്രാപിക്കുവാൻ എന്ത് ചെയ്യേണം? "...നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ, അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു..." ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ (അ.പ്ര. 3:19). ...യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും (റോമ. 10:9). അങ്ങനെയെങ്കിൽ ആത്മ മരണത്തിൽ നിന്ന് അനശ്വര ജീവനിലേക്ക് പ്രവേശിക്കാൻ കഴിയും.

മരണത്തോടെ അവസാനിക്കാത്ത ജീവിതയാത്രയുടെ അന്ത്യം എന്തായിരിക്കുമെന്ന് ചിന്തിച്ച് ഇപ്പോൾതന്നെ ജീവിതം ക്രമപ്പെടുത്തുവാൻ ഉത്സാഹിക്കുക. ലോകത്തിന്റെ ആകർഷണം കണ്ട് ഭ്രമിക്കരുത്. ലോകം നിങ്ങളെ കീഴ്പ്പെടുത്തരുത്. ലോകസ്നേഹം ദൈവത്തിനെതിരാണ്. ദൈവത്തിന്റെ വഴി തിരിച്ചറിഞ്ഞ് അതിലൂടെ നടക്കൂ, താമസിക്കരുത്. നിങ്ങളുടെ ഈ ലോക യാത്ര ഏതു സമയവും നിന്നു പോകാം.

***പുരുഷനു തുല്യമായ സ്ഥാനം നൽകാതെ സ്ത്രീയെ തരംതാഴ്ത്തി കാണിക്കുന്ന പ്രവണത വേദാഭിമാനി അവസാനിപ്പിക്കണം. സ്നേഹവാനായ ദൈവത്തിൽ സ്ത്രീത്വമാണ് കാണുന്നത്. അമ്മയെപ്പോലുള്ള ഒരു ദൈവത്തെയാണ് വേദപുസ്തകം വെളിപ്പെടുത്തുന്നത്. സ്ത്രീ-പുരുഷ സമത്വം കൂടാതെ ദൈവസഭയ്ക്ക് നിലനിൽപ്പ് സാധ്യമല്ല.***

***ഏലിയാമ്മ ഉമ്മൻ, വാര്യപുരം, പത്തനംതിട്ട***

താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്നു കണ്ടു (ഉല്പ. 1:31). എന്നാൽ താൻ സൃഷ്ടിച്ച മനുഷ്യൻ (പുരുഷൻ) ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ടു. ഈ വിടവ് നികത്തുന്നതിനും സാന്ദർഭികമായി അനുഭവപ്പെട്ട ആവശ്യത്തിന്റെ നിർവ്വഹണത്തിനുമായിട്ടാണ് ദൈവം സ്ത്രീയെ ഉണ്ടാക്കിയത്. "ഞാൻ അവന് തക്കതായ ഒരു തുണയെ ഉണ്ടാക്കിക്കൊടുക്കും" എന്ന് ദൈവം അരുളിച്ചെയ്തു.

സ്ത്രീയെ 'സൃഷ്ടിച്ചു' എന്നല്ല ഉണ്ടാക്കി എന്നാണ് എഴുതിയിരിക്കുന്നത്. ഒന്നുമില്ലായ്മയിൽ നിന്ന് ഉളവാക്കുന്നതിനെയാണ് സൃഷ്ടിക്കുക എന്നു പറയുന്നത്. ഉള്ള വസ്തുക്കൾ ഉപയോഗിച്ചു ഉളവാക്കുന്നതിനെയാണ് ഉണ്ടാക്കുക അഥവാ നിർമ്മിക്കുക എന്നു പറയുന്നത്. മണ്ണുകൊണ്ട് ഉണ്ടാക്കിയ രൂപത്തിൽ ദൈവം ജീവശ്വാസം ഊതിയപ്പോഴാണ് ആദിമനുഷ്യനായ ആദാം ജീവനുള്ള ദേഹിയായി തീർന്നത്. മണ്ണുകൊണ്ട് ദൈവം ഒരു നിർമ്മാണം നടത്തി. ഉള്ള വസ്തുകൊണ്ട് നിർമ്മിച്ചു. എന്നാൽ അതിൽ ജീവനില്ലായിരുന്നു. ദൈവത്തിന്റെ ജീവശ്വാസം അതിലേക്ക് കടത്തിവിട്ടപ്പോൾ ആദാം ജീവനുള്ള ദേഹിയായി തീർന്നു. അങ്ങനെ ആദിമമനുഷ്യനായ ആദാം എന്ന പുരുഷൻ സൃഷ്ടിക്കപ്പെട്ടു. അവന് തക്കതായ ഒരു തുണ ആവശ്യമാണെന്ന് ദൈവം കണ്ടപ്പോൾ സ്ത്രീയെ ഉണ്ടാക്കി. ആദാമിന് ഒരു ഗാഢ നിദ്ര (അബോധാവസ്ഥ) വരുത്തി. അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തിട്ട് സ്ത്രീയാക്കി. അവളെ പുരുഷന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ ആദാം " ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നു എടുത്തിരിക്കയാൽ ഇവൾക്ക് 'നാരി' എന്നു പേരാകും എന്നു പറഞ്ഞു (ഉല്പ. 2:23).

സ്ത്രീയെ ഉണ്ടാക്കിയ വിധം ശ്രദ്ധിച്ചാൽ അവൾ പൂർണ്ണമായും പുരുഷന്റേതാണെന്നും 'എന്റേത്' എന്നു പറയുവാൻ അവൾക്ക് ഒന്നുമില്ല എന്നും മനസ്സിലാകും.

അവളുടെ അസ്ഥിപഞ്ജരം ആദാമിന്റെ അസ്ഥിയാണ്. ആദാമിൽ നിന്ന് വാരിയെല്ലെടുത്തപ്പോൾ അതിൽ പിടിച്ചിരുന്ന മാംസമാണ് അവളുടെ മാംസം. ആ മാംസത്തിൽ പറ്റിയിരുന്ന രക്തമാണ് സ്ത്രീയുടെ രക്തം. ജീവൻ രക്തത്തിലാകുന്നു. മാംസത്തിന്റെ ജീവൻ രക്തത്തിലല്ലോ ഇരിക്കുന്നത് (ലേവ്യ 17:11). സകല ജഢത്തിന്റെയും ജീവൻ അതിന്റെ ജീവാധാരമായ രക്തം തന്നേ" (ലേവ്യ 17:14). സ്ത്രീയ്ക്ക് പുരുഷനിൽ നിന്നു ജീവൻ ലഭിച്ചുവെങ്കിൽ, പുരുഷന് ദൈവത്തിൽ നിന്നാണ് ലഭിച്ചത്. സ്ത്രീയെ പുരുഷനിൽ നിന്നും പുരുഷനായിട്ടും നിർമ്മിക്കപ്പെട്ടു. സ്ത്രീയുടെ ശിരസ്സ് പുരുഷൻ. പുരുഷന്റെ ശിരസ്സ് ക്രിസ്തു (കൊരി. 11:3-16, 1 തിമൊ. 2:9-14).



സ്ത്രീയെ സംബന്ധിച്ച് പ്രശംസനീയമായ കാര്യങ്ങൾ പലതുമുണ്ട്. പാപം സ്ത്രീയിൽ കൂടി മനുഷ്യവർഗ്ഗത്തിലേക്ക് പ്രവേശിച്ചു. എങ്കിലും പാപനിവാരകനായ ക്രിസ്തുവും സ്ത്രീയിൽകൂടി വന്നു (ഉല്പ. 3:15, ലൂക്കോ. 2:7; ഗലാ. 4:4). ക്രിസ്തുവിന്റെ പുനഃരുത്ഥാനത്തിന്റെ പ്രഥമ ദൃക്സാക്ഷി സ്ത്രീയാണ്. പ്രഥമ സന്ദേശ വാഹകയും സ്ത്രീ തന്നെ (യോഹ. 20:14-17; മത്താ. 28:9,10). കർത്താവിന്റെ ഐഹിക ജീവിതകാലത്ത് കർത്താവിനും ശിഷ്യന്മാർക്കും തങ്ങളുടെ വസ്തുവകകൊണ്ട് ശുശ്രൂഷ ചെയ്തുപോന്ന സ്ത്രീകളും ഉണ്ടായിരുന്നു. അപ്പോസ്തലന്മാരുടെ കൂടെ സ്ത്രീകളും പ്രാർത്ഥനയിൽ സംബന്ധിച്ചുപോന്നു. യേശുവിന്റെ അമ്മയായ മറിയയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു എന്ന സത്യം ഇവിടെ വിസ്മരിക്കുന്നില്ല. എങ്കിലും ഓർത്തിരിക്കേണ്ട പ്രധാന കാര്യം ഇതാണ്.

ദൈവം സ്ത്രീ അല്ല. ദൈവത്തിൽ സ്ത്രീത്വം ഇല്ല. ഈശ്വരി, ദേവി, ആകാശരാണി എന്നീ സംജ്ഞകൾ ജാതികളുടെ സങ്കല്പങ്ങളാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ഏക ദൈവത്തിലെ മൂന്ന് വ്യക്തിത്വങ്ങളെ പുല്ലിംഗ രൂപത്തിലാണ് പറഞ്ഞിരിക്കുന്നത്. ബൈബിളിൽ ദൈവത്തിന്റെ പ്രത്യക്ഷതകൾ മുഴുവൻ പുല്ലിംഗ രൂപത്തിലാണ്. സ്വർഗത്തിൽ നമുക്ക് പിതാവുണ്ട് എന്നാൽ മാതാവില്ല.

സ്ത്രീ ദൈവത്തിന്റെ നിത്യപദ്ധതിയിൽ പെട്ടതല്ല. താൽക്കാലിക ക്രമീകരണം മാത്രമാണ്. പുനഃരുത്ഥാനത്തിൽ സ്ത്രീത്വം ഇല്ലാതെയാകും. പുനഃരുത്ഥാനത്തിൽ അവർ (മനുഷ്യർ) വിവാഹം കഴിക്കുന്നില്ല. വിവാഹത്തിന് കൊടുക്കപ്പെടുന്നതുമില്ല. സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രെ ആകുന്നു (മത്താ. 22:23-30). ദൈവം സ്ത്രീ അല്ല. സ്ത്രീ ദൈവവും അല്ല.

This is The Word of God
Any Doubt
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st October 2014
Posted on 15th October 2014
Posted at R.M.S. Kayamkulam

## ഇനി നിങ്ങൾക്കും മറുപടി പറയാം

**യുക്തിവാദികളും നിരീശ്വരന്മാരും ഭൗതീകവാദികളും വായിച്ചറിയുന്നതിന് ശാസ്ത്രം ചരിത്രം മതം ക്രിസ്തു എന്ന പുസ്തകം ഞാൻ എഴുതി പ്രസിദ്ധീകരിച്ചു. പാപം, മരണാനന്തരജീവിതം തുടങ്ങിയ വിഷയങ്ങൾക്ക് ശാസ്ത്രീയ വിശദീകരണം നൽകുന്ന ആദ്യ ഗ്രന്ഥം കൂടിയായിരുന്നു ഇത്. ഇതിനകം ഇരുപതിനായിരം പേർ വായിച്ചുകഴിഞ്ഞ പ്രസ്തുത പുസ്തകത്തിന് പ്രതീക്ഷയ്ക്കപ്പുറം നല്ല പ്രതികരണമാണ് ലഭിച്ചത്. ആരും ചോദ്യം ചെയ്യുകയോ, വിമർശിക്കുകയോ ചെയ്തില്ല. എന്നു മാത്രമല്ല, അനേകർ അതിലൂടെ ദൈവത്തെ കണ്ടെത്തുന്നതിനും ദൈവസ്നേഹം ആസ്വദിപ്പാനും ഇടയായി. എന്നാൽ പണ്ഡിതർ എന്നഭിമാനിക്കുന്ന ചിലർ പ്രസ്തുത ഗ്രന്ഥത്തെ നിസ്സാരവത്കരിച്ച് ചില അഭിപ്രായങ്ങൾ ചില വേദികളിൽ പറഞ്ഞതായി അറിയാൻ കഴിഞ്ഞു. അവർക്കു മറുപടി പറയാൻ പ്രമുഖ യുക്തിവാദി കലാനാഥൻ വ്യക്തമാക്കിയ യുക്തിവാദികളുടെ പുതിയനിലപാട് ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു.**

## യുക്തിവാദം

യു.കലാനാഥൻ (പ്രസിഡന്റ്, യുക്തിവാദിസംഘം)

**യു**ക്തിവാദം എന്നതു സാധാരണക്കാരന്റെ ചിന്തയെ വസ്തുനിഷ്ഠ ചിന്തയിലേക്കു മാറ്റാനുള്ള സാമൂഹിക പ്രവർത്തനമാണ്. ശാസ്ത്ര ചിന്തയുടെ തത്ത്വശാസ്ത്രം എന്ന നിലയ്ക്കാണ് അതിനെ പ്രയോജനപ്പെടുത്തുന്നത്. അതായത്, ശാസ്ത്രീയ ചിന്തകളെ സാമൂഹിക ചിന്തയാക്കി മാറ്റുമ്പോൾ വിളിക്കുന്ന പേരാണു യുക്തിവാദം. ആത്മീയ ചിന്തപോലെതന്നെ ശാസ്ത്രീയ ചിന്തയും പൗരാണിക കാലം മുതൽക്കേ നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നു. ഇന്ത്യൻ പാരമ്പര്യത്തിൽ ഭൗതികവാദ ചിന്തകൾ ഭാരതീയ ദർശനങ്ങളുടെ ഭാഗമാണ്. ആറ് ആസ്തിക ദർശനങ്ങളും, ആറ് നാസ്തിക ദർശനങ്ങളുമാണുള്ളത്. ആത്മീയ ചിന്തയെ മനോനിഷ്ഠചിന്ത എന്നാണു ദാർശനികന്മാർ വിളിക്കുന്നത്. അതേസമയം, ശാസ്ത്രചിന്തയെ വസ്തുനിഷ്ഠ ചിന്ത എന്നാണു പറയുക. ഞങ്ങൾ വസ്തുനിഷ്ഠചിന്തയുടെ പക്ഷത്തു നിൽക്കുന്നവരാണ്. യുക്തിചിന്ത സ്വീകരിക്കുന്ന ഒരാളെ നാസ്തികൻ എന്നു വിളിക്കുന്നതിൽ അർഥമില്ല. കാരണം, നാസ്തികൻ എന്നുപറഞ്ഞാൽ ഈശ്വരൻ ഇല്ലെന്ന് ഉറപ്പിച്ചുപറയുന്നവനാണ്. മാറ്റത്തിന്റെ ഈ പ്രപഞ്ചത്തിൽ നമുക്ക് എങ്ങനെയാണ് ഒരു കാര്യം ഉറപ്പിച്ചുപറയാൻ കഴിയുക. ഈശ്വരൻ ഉണ്ടെന്നതിന് ഇതുവരേയും വസ്തുനിഷ്ഠമായ തെളിവുകളില്ല. നാളെ അത്തരം തെളിവുകൾ ലഭിച്ചാൽ അതിനെ അംഗീകരിക്കുന്നതിൽ യുക്തിവാദിക്കു മടിയുമുണ്ടാകില്ല.

വിശ്വാസങ്ങളെ ശാസ്ത്രീയമായ രീതിയിൽ മനസിലാക്കാൻ ശ്രമിക്കുമ്പോൾ അതിൽ വസ്തുനിഷ്ഠമായി തെളിയിക്കാൻ പറ്റാത്തതിനെയാണ് അന്ധവിശ്വാസം എന്നു വിളിക്കുന്നത്. ഉദാഹരണത്തിന്, എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് ദൈവം സർവശക്തനും സർവജ്ഞനും, സർവവ്യാപിയും അരൂപിയുമാണെന്നാണ്. അങ്ങനെയെങ്കിൽ ലളിതമായ ചില ചോദ്യങ്ങളാണു യുക്തിവാദികൾ ഉന്നയിക്കുന്നത്. ഒന്ന്, ശരീരമില്ലാത്ത ദൈവത്തിനു തലച്ചോറുണ്ടാകുമോ? തലച്ചോറില്ലാതെ ചിന്തിക്കാനാകുമോ? ചിന്തിക്കാൻ കഴിയാത്തൊരാൾക്കു സർവജ്ഞനാകാൻ പറ്റുമോ? രണ്ട്, സർവശക്തനാണെന്നു പറയുന്നു. ഊർജതന്ത്രത്തിൽ ശക്തി എന്നാൽ 'പവർ' ആണ്. പവർ കണക്കാക്കുന്നത് - ഒരു നിശ്ചിതസമയം കൊണ്ട് ചെയ്തുതീർത്ത കർമത്തിന്റെ (Power is the rate of doing work) അളവിനെയാണ്. അതായത് പ്രവർത്തിയുടെ അളവിനെ സമയംകൊണ്ട് ഹരിക്കുക. ഇവിടെ മനസിലാക്കേണ്ട ഒരു കാര്യം, പ്രവൃത്തിചെയ്യണമെങ്കിൽ വസ്തുവിനെ ചലിപ്പിക്കാൻ കഴിയണം. അതിനായി ബലം പ്രയോഗിക്കണം. ശരീരമില്ലെങ്കിൽ എങ്ങിനെയാണ് ബലം പ്രയോഗിക്കുക. മൂന്ന്, സർവവ്യാപിയാണെന്നും പറയുന്നുണ്ട്. വ്യാപനം എന്നുപറഞ്ഞാൽ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് പടരുന്ന അവസ്ഥയാണ്. ആപേക്ഷികതാ സിദ്ധാന്തപ്രകാരം ദ്രവ്യത്തിന്റെ ഗുണമാണു സ്പേസ്. അപ്പോൾ ശരീരമില്ലാത്ത ദൈവത്തിന് ദ്രവ്യത്തിന്റെ ഗുണമുണ്ടാകുമോ? ഇല്ലെങ്കിൽ പിന്നെ എങ്ങനെയാണ് വ്യാപിക്കാനാവുക? അതുകൊണ്ടാണ് യുക്തിവാദത്തിൽ, വസ്തുനിഷ്ഠമായി തെളിയിക്കാൻ കഴിയുന്ന കാര്യങ്ങളെ മാത്രം ശരിയായ വിശ്വാസമെന്നു പറയുന്നത്.

**ഇതിനു മറുപടി പറയാൻ ആർക്കെങ്കിലും സാധിക്കുമെങ്കിൽ വിവരം ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ മറുപടി ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. യുക്തിവാദികളുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ കെല്പുള്ള ബുദ്ധിമാന്മാരായ പണ്ഡിതന്മാർ ആരൊക്കെ എന്ന് ജനം അറിയട്ടെ. നിങ്ങളുടെ മറുപടി വായിച്ച് വായനക്കാർ വസ്തുതകൾ തിരിച്ചറിയട്ടെ. അവിടെയും ഇവിടെയും ഇരുന്ന് പിറുപിറുക്കാതെ സധൈര്യം മുന്നോട്ടു വരിക.**



## ഡയലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺എന്നും ദൈവത്തോട് ചോദിച്ചിട്ടേ ചെയ്യു എന്ന് ഒരു സഭാ നേതാവ്.

*ജോൺസൺ പെരുമറ്റത്ത്, കണ്ടച്ചിറ, കൊട്ടിയം.*

☹**അതേ-അതെ! മൂന്നു പ്രാവശ്യം വരെ ചോദിക്കും. മൗനം സമ്മതം എന്നുകണ്ട് പിന്നെ തോന്നിയതുപോലെയങ്ങ് ചെയ്യും.**

☺മുംബൈയിൽ ചോർ ബസാർ, തമിഴ്നാട്ടിൽ തിരിട്ടുഗ്രാമം. ഇങ്ങനെയൊന്ന് കേരളത്തിലുണ്ടോ.

*ജാൻസി സുജിത്ത്, പള്ളുരുത്തി, എറണാകുളം.*

☹**ആത്മീയ പ്രസ്ഥാനങ്ങൾ വക ചില തിരിട്ടു ഡിപ്പാർട്ടുമെന്റുകൾ, ചോർ ഓഫീസുകൾ നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടല്ലോ.**

☺സഹോദരവർഗ്ഗത്തിന്റെ പതനത്തിൽ ആഹ്ളാദിക്കുന്നത് മാനസികരോഗമല്ലേ.

*റജി ജോൺ, മണക്കാല, അടൂർ.*

☹**അപരന്റെ പതനത്തിലും ദുരന്തത്തിലും സന്തോഷിച്ച് സ്വന്ത ദുഃഖം മറക്കാനുള്ള ഒരു ശ്രമമായി അതിനെ കണ്ടാൽ മതി.**

☺ സാവധാനം പ്രസംഗിക്കുന്നവരോട് എന്താണ് പറയാനുള്ളത്.

*എൽസി കുര്യൻ, വളമംഗലം, തുറവൂർ.*

☹**ചാടിച്ചാടിനിന്നാൽ നിങ്ങൾക്കുമാകാം കോടീശ്വരൻ.**

☺വായ മൂടിക്കെട്ടി പ്രതിഷേധിക്കുന്ന സമരമുറയെപ്പറ്റി എന്തു പറയുന്നു.

*എലിസബത്ത്, മണ്ണുത്തി, തൃശൂർ*

☹**ഒരവയവം അടഞ്ഞിരുന്നാൽ അത്രയും ആശ്വാസം.**

☺ കേരളത്തിലെ സുവിശേഷ 'മഹാ' യോഗങ്ങളെക്കുറിച്ച് ഒരഭിപ്രായം.

*അക്സാ സോളമൻ, എടപ്പാറ, നെല്ലാട്*

☹**പലവിധ വ്യാപരങ്ങൾക്കായി ചന്തയിൽ ആളെ കൂട്ടുന്ന പരിപാടി.**

☺പെന്തക്കോസ്ത് സംഘടനകൾ എല്ലാം ഒറ്റക്കെട്ടായി നീങ്ങുന്നതിനെക്കുറിച്ച്....

*വർഗ്ഗീസ് ജോസഫ്, ആനയ്ക്കൽ, മുടക്കുഴ, പെരുമ്പാവൂർ*

☹**ഒറ്റക്കെട്ടായി നീങ്ങി പിന്നെ അത് നീർക്കെട്ടായി, അവസാനം അത് ചാക്കിൽ കെട്ടി പൊതിഞ്ഞെടുക്കാൻ ഇടയാകരുത്.**



## ദൈവത്തെ ഓർക്കാൻ

**ഒ**രു ബഹുനില കെട്ടിടത്തിന്റെ പണി നടക്കുകയാണ്. പണിയുടെ മേൽനോട്ടച്ചുമതലയുള്ള സൂപ്പർവൈസർ ഏറ്റവും മുകളിലെ നിലയിൽ നിന്നുകൊണ്ട് താഴെ നിൽക്കുന്ന ഒരു തൊഴിലാളിയെ വിളിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, യന്ത്രങ്ങളുടെ ശബ്ദം കാരണം എത്ര വിളിച്ചിട്ടും അയാൾ കേൾക്കുന്നില്ല.

തൊഴിലാളി മുകളിലേക്ക് നോക്കാനായി സൂപ്പർവൈസർ ഒരു വിദ്യ പ്രയോഗിച്ചു. തന്റെ പോക്കറ്റിൽ നിന്നും ഒരു പത്തുരൂപ നോട്ട് എടുത്ത് ചുരുട്ടി താഴേക്കിട്ടു!

തൊഴിലാളി വേഗം അതെടുത്ത് പോക്കറ്റിലിട്ടിട്ട് പണി തുടർന്നു. 'ശ്ശെടാ അവൻ നോക്കിയില്ലല്ലോ.' സൂപ്പർവൈസർ ഒരു നൂറുരൂപാ നോട്ടുകൂടി താഴേക്ക് ഇട്ടു. അയാൾ മുകളിലേക്കൊന്നു നോക്കുകപോലും ചെയ്യാതെ അതും എടുത്ത് പോക്കറ്റിൽ ഇട്ടു.

സൂപ്പർവൈസർക്ക് ദേഷ്യം വന്നു. അയാൾ ചെറിയൊരു കല്ലെടുത്ത് തൊഴിലാളിയുടെ തലയിലേക്കിട്ടു. കല്ലു വീണതും അയാൾ വേഗം മുകളിലേക്ക് നോക്കി...

ഇങ്ങനെയാണ് മിക്കവരും. ദൈവം നമുക്ക് ചെറുതും വലുതുമായ പല സൗഭാഗ്യങ്ങളും തരുന്നു. അതെല്ലാം സ്വീകരിച്ച് ദൈവത്തിന് ഒരു നന്ദി പോലും പറയാതെ നമ്മൾ ജീവിക്കുന്നു. അങ്ങനെയിരിക്കുമ്പോൾ ദൈവം നമുക്ക് ചില വേദനകൾ തരും. ആ സമയം നമ്മൾ മുകളിലേക്ക് നോക്കി ദൈവത്തോട് പ്രാർത്ഥിക്കാൻ തുടങ്ങും.

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രമല്ല ചെറിയ സൗഭാഗ്യമുണ്ടാകുമ്പോൾ പോലും ദൈവത്തെ ഓർക്കാൻ നാം ശീലിക്കണം.




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally